No/9/2020/SRG/LSGD(CC)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം (വീഡിയോ കോൺഫറൻസിംഗ്)

## സെക്രട്ടേറിയറ്റ് അനക്സ് II ലയം ഹാൾ

## 23.09.2020 ഉച്ചകഴിഞ്ഞ് 2.00 PM

## അജണ്ട

1. **തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2020-21-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം**

21.09.2020 വരെയുള്ള ആകെ പദ്ധതി ചെലവ് 31.35 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 32.99 ശതമാനമാണ്. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് പാലക്കാട് ജില്ലയിലും (35.8%) ഏറ്റവും കുറവ് തിരുവനന്തപുരം ജില്ലയിലുമാണ് (28.87ശതമാനം). 118.63 കോടി രൂപയുടെ 4093 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 161.48 കോടി രൂപയുടെ 5641 ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 31.7 % |
| ബ്ലോക്ക് പഞ്ചായത്ത് | 37.85% |
| ജില്ലാ പഞ്ചായത്ത് | 37.82 % |
| മുനിസിപ്പാലിറ്റി | 28.98% |
| കോർപ്പറേഷൻ | 22.08 % |
| **ആകെ** | 31.35 ശതമാനം |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | |
|---|---|---|
| 1 | പാലക്കാട് | 35.8 % |
| 2 | വയനാട് | 34.55% |
| 3 | ഇടുക്കി | 33.54 % |
| 4 | കോഴിക്കോട് | 32.7 % |
| 5 | പത്തനംതിട്ട | 32.26% |
| 6 | കാസർഗോഡ് | 32.07 % |
| 7 | ആലപ്പുഴ | 31.74 % |

| | | |
|---|---|---|
| 8 | തൃശ്ശൂർ | 31.71 % |
| 9 | മലപ്പുറം | 31.4 % |
| 10 | കോട്ടയം | 30.44 % |
| 11 | കണ്ണൂർ | 29.95% |
| 12 | കൊല്ലം | 29.7% |
| 13 | എറണാകുളം | 29% |
| 14 | തിരുവനന്തപുരം | 28.87% |

**പൊതു വിഭാഗം, SCP,TSPയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.**

| ജനറൽ | SCP | TSP | CFC |
|---|---|---|---|
| 39.2% | 32.37 % | 32.36 % | 20.71 % |

**തദ്ദേശഭരണസ്ഥാപനം തിരിച്ച് പെന്റിംഗ് ബില്ലുകളുടെ എണ്ണവും തുകയും**

| തദ്ദേശഭരണ സ്ഥാപനം | ബില്ലുകളുടെ എണ്ണം | തുക(കോടി) |
|---|---|---|
| 1) ഗ്രാമപഞ്ചായത്ത് | 3785 | 70.51 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 586 | 14.236 |
| 3) ജില്ലാ പഞ്ചായത്ത് | 413 | 23.991 |
| 4) മുനിസിപ്പാലിറ്റി | 592 | 23.71 |
| 5) കോർപ്പറേഷൻ | 265 | 29.026 |
| **ആകെ** | **5641** | **161.48** |

**പുതിയ പ്രോജക്ടുകളുടേയും സ്പിൽ ഓവർ പ്രോജക്ടുകളുടേയും തരം തിരിച്ചുള്ള ചെലവ് താഴെ ചേർക്കുന്നു.**

| തദ്ദേശഭരണ സ്ഥാപനം | പദ്ധതി ചെലവ് | | |
|---|---|---|---|
| | പുതിയ പ്രോജക്ടുകൾ | സ്പിൽ ഓവർ പ്രോജക്ടുകൾ | ആകെ |
| 1) ഗ്രാമപഞ്ചായത്ത് | 11.64 | 20.06 | 31.70 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 9.57 | 28.28 | 37.85 |
| 3) ജില്ലാ പഞ്ചായത്ത് | 8.15 | 29.66 | 37.82 |
| 4) മുനിസിപ്പാലിറ്റി | 10.19 | 18.80 | 28.98 |
| 5) കോർപ്പറേഷൻ | 4.62 | 17.46 | 22.08 |
| **ആകെ** | **9.72** | **21.62** | **31.35** |

**മുൻ വർഷങ്ങളിൽ സെപ്റ്റംബർ 31-ലെ പദ്ധതി ചെലവ്**

| | |
|---|---|
| **2014-15** | 11.23% |
| **2015-16** | 10.81% |
| **2016-17** | 2.27% |
| **2017-18** | 20.57% |
| **2018-19** | 30.49% |
| **2019-20** | 24.76% |
| **2020-21** | 31.35% (As on 21.09.2020) |

**2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.1 25.02.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

## 2.1(4.9) കൊടിയത്തൂർ സഹകരണ ബാങ്ക്

**ബഹു. തിരുവമ്പാടി എം.എൽ.എ.യുടെ 05.11.2019-ലെ കത്തും കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ബാങ്ക് പ്രസിഡന്റിന്റെ 04.11.2019-ലെ കത്തും (SRG 216/20)**

കൊടിയത്തൂർ സഹകരണ ബാങ്ക് അമൂൽ കാലിത്തീറ്റയുടെ കോഴിക്കോട് ജില്ലയിലെ വിതരണ ഏജൻസി എടുത്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കാലിത്തീറ്റയ്ക്കുള്ള സബ്സിഡി അമൂൽ കാലിത്തീറ്റ വാങ്ങുന്നവർക്ക് ലഭിക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന കാലിത്തീറ്റ സബ്സിഡി സ്കീമിൽ അമൂൽ കാലിത്തീറ്റ വാങ്ങുന്ന കർഷകരെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്. കേരള ഫീഡ്സിന്റെയടക്കം കാലത്തീറ്റയുടെ വില നിശ്ചയിക്കുന്നതിൽ വകുപ്പുതല ഇടപെടൽ ഉണ്ടെന്നും Amul കാലിത്തീറ്റയുടെ വിലയിൽ വകുപ്പിന് ഇടപെടാൻ സാധ്യമല്ലെന്നും 27.05.2020-ലെ യോഗത്തിൽ ഹാജരായിരുന്ന മൃഗസംരക്ഷണ ഡയറക്ടർ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ അനുമതി പരിഗണിക്കാവുന്നതല്ല എന്നും ഡയറക്ടർ അറിയിച്ചിരുന്നു.

കേരള ഫീഡ്സ്, അമൂൽ, വകുപ്പ് മുഖേന ഇപ്പോൾ കേരളത്തിൽ നൽകുന്ന മറ്റു കാലിത്തീറ്റകൾ എന്നിവയുടെ വില താരതമ്യം ചെയ്ത് റിപ്പോർട്ട് നൽകാൻ മൃഗസംരക്ഷണ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഒപ്പം അമൂൽ കാലിത്തീറ്റയുടെ ഗുണനിലവാരം സംബന്ധിച്ചും റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകി.

Special Livestock Breeding Programme (SLBP)യ്ക്കു വേണ്ടി കേരള ഫീഡ്സും മിൽമ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനും വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ വില ഒരു കിലോ ഗ്രാമിന് 22.50 രൂപയാണ്. അമൂൽ കാലിത്തീറ്റയുടെ വില താഴെപ്പറയും പ്രകാരമാണ്.

| | | | | |
|---|---|---|---|---|
| (i) | അമൂൽ ന്യൂട്രിറിച്ച് | - | 27.00 രൂപ | (ഒരു കിലോ ഗ്രാമിന്) |
| (ii) | അമൂൽ ശക്തി | - | 25.50 രൂപ | (ഒരു കിലോ ഗ്രാമിന്) |
| (iii) | അമൂൽ പൗഡർ ഡാൻ | - | 23.90 രൂപ | (ഒരു കിലോ ഗ്രാമിന്) |
| (iv) | വർദൻ (കാഫ് സ്റ്റാർട്ടർ) | - | 28.60 രൂപ | (ഒരു കിലോ ഗ്രാമിന്) |

അമൂൽ കാലിത്തീറ്റിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി മണ്ണുത്തി വെറ്ററിനറി കോളേജിലേയ്ക്ക് തീറ്റയുടെ സാമ്പിൾ അയച്ചു നൽകിയിട്ടുണ്ട്.

ഗുണനിലവാരം സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകണം.

**നടപടി-11) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

## 2.1(4.12) യോഗ പരിശീലനം

**ശ്രീമതി. രമ്യ.കെ. കുറ്റിപ്പുറത്ത്, കണ്ണൂർ തുടങ്ങി 8 പേർ ബഹു. വിദ്യാഭ്യാസമന്ത്രിക്കു നൽകിയ കത്തുകൾ (SRG 59/20 - LSGD/DA1/35/2019/LSGD)**

അപേക്ഷകർ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ Certificate in Yoga Fitness Cource/PG Diploma കോഴ്സ് പൂർത്തിയാക്കിയ യോഗ അദ്ധ്യാപക യോഗ്യതയുള്ളവരാണ്.

അംഗീകൃത സർവ്വകലാശാല നൽകുന്ന യോഗ സർട്ടിഫിക്കറ്റ് / ഡിപ്ലോമ തുടങ്ങിയ കോഴ്സ് പാസ്സായവരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ യോഗ പരിശീലകരായി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച് ആയുഷ് ഡയറക്ടറുടെ റിപ്പോർട്ട് വാങ്ങി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. ആയുർവേദ ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്:-** നാഷണൽ ആയുഷ് മിഷൻ ഡയറക്ടറുടെ 23/11/2019-ലെ NAM/ADM,N/079/2016/SPMSU നം. ഉത്തരവ് പ്രകാരം യോഗ ആന്റ് നാച്യോറോപതി ടെക്നീഷ്യൻ/യോഗ ഡെമോൺസ്ട്രേറ്റർ/യോഗാ ഇൻസ്ട്രക്ടർ എന്നീ തസ്തികകളുടെ ക്വാളിഫിക്കേഷൻ BNYS/MSC (Yoga)M.Phil (yoga)by recognized university/PG diploma in Yoga of minimum 1 year duration in yoga from recognized University/approved certificate course of 1 year duration in yoga from recognized University/Government Department എന്ന രീതിയിൽ ആണ്. ആയതിനാൽ മേൽ കോഴ്സുകൾ പാസായവരെ യോഗാ പരിശീലകരായി പരിഗണിക്കാവുന്നതാണ് എന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**നടപടി-1) പഞ്ചായത്ത് ഡയറക്ടർ**
**2) ആയുർവേദ ഡയറക്ടർ**

**2.2 27.05.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.2(4.1) National Institute of Physical Medicine & Rehabiitation**

**National Institute of Physical Medicine & Rehabiitation Executitve Director-ന്റെ 23.07.2019-ലെ കത്തും 02.02.2020-ലെ തസ്വഭവ - DA1/339/2019/ തസ്വഭവ സർക്കാർ കത്തും ( SRG 363/20)**

തൃശ്ശൂർ കല്ലേറ്റുംകര നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷൻ (NIPMR) ഭിന്നശേഷിക്കാർക്കായി പ്രോസ്തറ്റിക്സ് & ഓർത്തോട്ടിക്ക് ഉപകരണങ്ങൾ നിർമ്മിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള ഇത്തരം ഉപകരണങ്ങൾ NIPMR-ൽ നിന്ന് ടെണ്ടർ നടപടി കൂടാതെ വാങ്ങാൻ അനുമതി സംബന്ധിച്ച്.

തൃശ്ശൂർ മെഡിക്കൽ കോളേജ് മുഖേന ഈ ഉപകരണങ്ങളുടെ ഗുണ നിലവാരം പരിശോധിച്ചു. ഈ ഉപകരണങ്ങൾ നല്ല നിലവാരമുള്ളതാണെന്നും ഭിന്നശേഷി വിഭാഗക്കാർക്ക് ഇത് പ്രയോജന പ്രദമാണമെന്നും സാമൂഹ്യനീതി ഡയറക്ടർ റിപ്പോർട്ട് നൽകി.

**തീരുമാനം :-** റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ NIPMR ൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള ഉപകരണങ്ങൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതി നൽകി. ഇതു സംബന്ധിച്ച ഉത്തരവ്

**നടപടി-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 2.3) 24.06.2020 ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

2.3(3.4) 12.06.2020-ലെ 1114/20/തസ്വഭവ ഉത്തരവ് പ്രകാരം വിദ്യാർത്ഥികൾക്ക് ഓൺ ലൈൻ പഠനത്തിന് ലാപ് ടോപ്, കമ്പ്യൂട്ടർ, ടി.വി എന്നിവ വാങ്ങി നൽകാൻ അനുമതി നൽകിയിരുന്നു. പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിനു പകരം ടാബ്, സ്മാർട്ട് ഫോൺ എന്നിവ വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെടുന്നുണ്ട്. ഇപ്രകാരം ടാബ്, സ്മാർട്ട്ഫോൺ എന്നിവ വാങ്ങി നൽകാവുന്നതല്ല എന്ന് നിർദ്ദേശം നൽകി. ഇതു സംബന്ധിച്ച സർക്കുലർ.

**നടപടി - തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

2.3(3.12) ഐ.കെ.എം.ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ പരിഷ്കാരങ്ങൾ നടത്തുന്നതിനും അടിയന്തിരമായി നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി യിരുന്നു. സോഫ്റ്റ് വെയർ സംബന്ധമായ പ്രശ്നങ്ങളും ഐ.കെ.എം.ൽ ആവശ്യം വേണ്ട മാറ്റങ്ങളും ചർച്ച ചെയ്യാനും പഠിക്കാനും താഴെപ്പറയും പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. താഴെപ്പറയുന്നവരാണ് കമ്മിറ്റിയിലെ അംഗങ്ങൾ. കമ്മിറ്റിയിലെ സാങ്കേതിക വിദഗ്ദ്ധരെ കണ്ടെത്തി നോമിനേറ്റ് ചെയ്യാൻ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

1) ഐ.കെ.എം ഡയറക്ടർ/ ഐ.റ്റി. മിഷൻ ഡയറക്ടർ - കൺവീനർ
2) ഐ.റ്റി. മിഷനിൽ നിന്ന് ഒരു വിദഗ്ധൻ
3) Indian Institute of Information Technology and Management Kerala (IIITM-K) യിൽ നിന്ന് ഒരു വിദഗ്ധൻ
4) ഡയറക്ടർ ജനറൽ, കില
5) കൺവീനർ, എസ്.ആർ.ജി.

ഈ കമ്മിറ്റി അടിയന്തിരമായി രൂപീകരിക്കാനും 2 മാസത്തിനകം റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതിന്റെ പ്രവർത്തനം കോഓർഡിനേഷൻ കമ്മിറ്റിയിൽ അവലോകനം ചെയ്യുന്നതായിരിക്കും.

ഇതു സംബന്ധിച്ച ഉത്തരവ് 04.08.2020-ന് ഇറങ്ങിയെങ്കിലും കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ട സാങ്കേതിക വിദഗ്ധരുടെ പാനൽ ഐ.റ്റി. മിഷനും IIITM-K ഡയറക്ടറും നൽകിയിട്ടില്ല. ഇവ അടിയന്തിരമായി വാങ്ങി കമ്മിറ്റിയുടെ പ്രവർത്തനം തുടങ്ങി വിവരങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് നൽകണം.

**നടപടി -1) എക്സിക്യൂട്ട് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ**

## 2.3(4.39) കാട്ടുകുറ്റി ഗ്രാമ പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.06.20-ലെ കത്ത്(SRG/437/20 CC 367/20)**

***പ്രോ.നം. 252/20 അടങ്കൽ 1,20,000/-രൂപ (തനത് ഫണ്ട്)***

***പേര് - അഷ്ടമിച്ചിറ - വൈന്തല - PWD റോഡ് സർവ്വേ നടത്തുന്നതിനുള്ള തുക***

കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിലൂടെ കടന്ന്പോകുന്ന അഷ്ടമിച്ചിറ വൈന്തല അന്നമനട PWD റോഡിന്റെ പുനർ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് റോഡ് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് സർവ്വേ നടത്തുന്നതിനുള്ള പ്രോജക്ട്. സർവ്വേ നടത്തുന്നതിന് ഫണ്ട് ലഭ്യമല്ല എന്ന് ജില്ലാ സർവ്വേ സൂപ്രണ്ട് അറിയിച്ച പ്രകാരമാണ്

പഞ്ചായത്ത് തുക വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ ഈ പ്രോജക്ട് ഈ വർഷം സ്പിൽ ഓവർ ആയി ഉൾപ്പെടുത്താൻ ഭരണ സമിതി തീരുമാന മെടുത്തിട്ടുണ്ട്. ഈ പ്രോജക്ടിന് അനുമതി സംബന്ധിച്ച്. ഇത് പരിശോധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിരുന്നു.

ഈ റോഡിന്റെ പല ഭാഗത്തും വീതി കുറവായതിനാൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് കാന നിർമ്മിക്കുന്നതിനും കയ്യേറ്റം ഒഴിവാക്കുന്നതിന് സർവ്വേ നടത്തുന്നതിനുമാണ് പ്രോജക്ട് വച്ചിരുന്നത് എന്നു തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കഴിഞ്ഞ കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് നൽകിയിരുന്നു.

**തീരുമാനം:-** ഇത് ഒന്നുകൂടി വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി യിരുന്നു. ഈ റോഡ് പി.ഡബ്ല്യ.ഡി.യുടെ ആസ്തിയിൽ ഉൾപ്പെട്ടതിനാലും നിലവിലെ നിയമപ്രകാരം പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കാൻ കഴിയാത്തതിനാലും ഇതിന്മേൽ കോ ഓർഡിനേഷൻ കമ്മിറ്റി ഉചിതമായ തീരുമാനം എടുക്കാനാണ് ശുപാർശ ചെയ്തിരിക്കുന്നത്.

**നടപടി-1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**2.4 12.08.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.4(3.4)** സുഭിക്ഷ കേരളം പദ്ധതിയിൽ കുളത്തിൽ മത്സ്യകൃഷി വിപുലമായി നടക്കുന്നുണ്ട്. എന്നാൽ പൊതു കുളങ്ങൾ പൊതുജനങ്ങൾ കുളിക്കാനും മറ്റും ഉപയോഗിക്കുന്നതാണ്. മത്സ്യങ്ങൾക്ക് ആഹാരം നൽകേണ്ടതുണ്ട്. ഇത് ഇത്തരം കുളങ്ങളെ മലിനമാക്കും. ഇത് ഒഴിവാക്കണം. ഇതുകൂടി പരിഗണിച്ചു വേണം ഇത്തരം കുളങ്ങളിൽ മത്സ്യകൃഷി നടത്തേണ്ടത്. കൂടാതെ കുളത്തിലെ മത്സ്യകൃഷി മോണിട്ടർ ചെയ്യാൻ തദ്ദേശഭരണ സ്ഥാപനത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിക്കണം. ഇതിൽ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തണം. ആവശ്യമായ പ്രദേശങ്ങളിൽ അയൽക്കൂട്ടങ്ങൾക്കും മോണിറ്ററിംഗ് അടക്കമുള്ള ഇടപെടൽ നടത്താവുന്നതാണ്. ഇതു സംബന്ധിച്ച സർക്കുലർ

**നടപടി :- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**2.4(3.5)** ഇതുവരെ 26 ശതമാനം (ഇപ്പോൾ 31.35 ശതമാനം) പദ്ധതി ചെലവ് കൈവരിച്ചത് മികച്ച നേട്ടമാണ് എന്ന് യോഗം വിലയിരുത്തി. എന്നാൽ ഇതിൽ 6 ശതമാനം (ഇപ്പോൾ 9.72 ശതമാനം) മാത്രമാണ് പുതിയ പ്രോജക്ടുകളുടെ ചെലവ്. പുതിയ പ്രോജക്ടുകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ബിൽ കൃത്യമായി തയ്യാറാക്കി ട്രഷറികളിൽ നൽകണം. ബിൽ സമർപ്പിക്കുന്നതിൽ കാലതാമസം ഒഴിവാക്കുകയും നടപടികൾ കൃത്യമായി പാലിക്കുകയും ചെയ്യണം. സാധ്യമായിടത്ത് പാർട്ട് ബില്ലുകളും നൽകണം. മുൻകാലങ്ങളെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ചെലവ് കുറവാണ്. പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നീ വകുപ്പ മേധാവികൾ പദ്ധതി നിർവഹണം കൃത്യമായി അവലോകനം ചെയ്യണം. ഇതിന്റെ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം. എറണാകുളം, കോട്ടയം, കൊല്ലം, കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ പദ്ധതി

ചെലവ് കുറയാനുള്ള കാരണം വകുപ്പ മേധാവികൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം. ഇതിനായി വകുപ്പ മേധാവികൾ ഈ ജില്ലകളിലെ പദ്ധതി നിർവഹണം പ്രത്യേകമായി അവലോകനം ചെയ്യണം.

**നടപടി :-1) പഞ്ചായത്ത് ഡയറക്ടർ**
**2) നഗരകാര്യ ഡയറക്ടർ**
**3) ഗ്രാമവികസന കമ്മീഷണർ**

**2.4(3.6)** ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിക്ക് ലഭിച്ച വിഹിതം പല ബ്ലോക്ക് പഞ്ചായത്തുകളുടെയും അക്കൗണ്ടിൽ ചെലവഴിക്കാതെ മിച്ചമുണ്ട്. ഈ തുക ഉപയോഗിച്ച് ഭവന നിർമ്മാണമടക്കം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾ അനുമതി ആവശ്യപ്പെടാറുണ്ട്. എന്നാൽ ഐ.എ.വൈ. പദ്ധതിക്ക് ലഭിച്ചതും ചെലവഴിക്കാതെ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതുമായ തുക പി.എം.എ.വൈ. ഭവന പദ്ധതിക്കായി വിഹിതം നൽകുന്നതിന് ഉപയോഗിക്കേണ്ടതാണ്. ഇപ്രകാരം വിഹിതം നൽകിയ തിനുശേഷം മിച്ചമുള്ള തുക മാത്രമേ മറ്റ ഭവന പദ്ധതിക്ക് ഉപയോഗിക്കാൻ പാടുള്ളൂ എന്ന് തീരുമാനിച്ചു. അതിനായി കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി വാങ്ങേണ്ടതാണ്. ഇതു സംബന്ധിച്ച ഉത്തരവ്

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**2.4(3.7)** ബഡ്സ് സ്കൂളിന്റേയും ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളുടേയും പ്രവർത്തനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്ന തുക അപര്യാപ്തമാണെന്നും പലപ്പോഴും ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാകുന്നുവെന്നും കോഓർഡിനേഷൻ കമ്മിറ്റി യോഗം വിലയിരുത്തി. ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കാൻ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതംവയ്ക്കാൻ അനുമതിയുണ്ടെങ്കിലും ദൈനംദിന പ്രവർത്തനത്തിന് ഫണ്ടിന്റെ കുറവുണ്ട്. ഈ സാഹചര്യത്തിൽ ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവയുടെ പ്രവർത്തനം, ഫണ്ടിന്റെ ലഭ്യത, മറ്റ പ്രശ്നങ്ങൾ ഇവ പരിശോധിച്ച് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകണം.

**നടപടി :- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

**2.4(3.8)** വൃക്ക രോഗികൾക്ക് ഡയാലിസിസ് ധനസഹായം നൽകുന്നതിന് പല തദ്ദേശഭരണ സ്ഥാപനങ്ങളും പ്രോജക്ട് എടുക്കാറുണ്ട്. ഇത് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടു കൂടിയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ട് നടപ്പാക്കുന്നത്. ഈ ധനസഹായം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകാവുന്നതല്ല. ഇത് ബന്ധപ്പെട്ട ആശുപത്രി മുഖേനയാണ് നൽകുന്നത്. ഈ രീതി തദ്ദേശഭരണ സ്ഥാപനങ്ങൾ തുടരേണ്ടതാണ്. ആഴ്ചയിൽ പരമാവധി 1000/- രൂപ ക്രമത്തിൽ പ്രതിമാസം 4000/- രൂപ വരെ പരമാവധി നൽകുന്ന രീതിയിലാണ് കോഓർഡിനേഷൻ കമ്മിറ്റി അനുമതി

നൽകിയിട്ടുള്ളത്. ഈ നിരക്ക് പുനഃപരിശോധിക്കണോ എന്ന് പരിശോധിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ഡയറക്ടർ റിപ്പോർട്ട് നൽകണം

**നടപടി :- 1) ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ**

**2.4(3.9)** സ്ഥലം ലഭ്യമല്ലാത്തതിനാൽ തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിന് തൊഴിലാളികളെ സഹായിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. നിലവിൽ ഇവരുടെ പാർപ്പിട സൗകര്യം വളരെ മോശമാണ്. ഈ പ്രശ്നം നേരിടുന്ന ഗ്രാമപഞ്ചായത്തുകൾ കഴിഞ്ഞ 5 വർഷം എത്ര തുക മാറ്റി വച്ചു, എത്ര ചെലവഴിച്ചു തുടങ്ങിയ വിവരങ്ങൾ ശേഖരിക്കണം. കൂടാതെ ഇവിടെ എത്ര പേർക്കാണ് വീട്ടു വച്ചു നൽകേണ്ടത്, കഴിഞ്ഞ 5 വർഷക്കാലങ്ങളിൽ ഇവിടെ ലക്ഷ്യമിട്ടത് എത്രയാണ്, എത്ര പൂർത്തീകരിച്ചു എന്നീ വിവരങ്ങൾ അടിയന്തിരമായി ശേഖരിച്ച് പഞ്ചായത്ത് ഡയറക്ടർ നൽകണം. ഇതിന്മേൽ ആവശ്യമായ വിവരങ്ങൾ ഐ.കെ.എം. ലഭ്യമാക്കണം.

**നടപടി :- 1) പഞ്ചായത്ത് ഡയറക്ടർ**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

**2.4(3.10)** വിദ്യാർത്ഥികൾക്ക് ഓൺലൈൻ മുഖേനയുള്ള വിദ്യാഭ്യാസ രീതിക്ക് അനിവാര്യ പഠനോപകരണമായ ലാപ് ടോപ് ലഭ്യമാക്കുന്നതിന് കെ.എസ്.എഫ്.ഇ. കുടുംബശ്രീയുമായി ചേർന്ന് 'വിദ്യാശ്രീ' എന്ന സ്കീം നടപ്പാക്കുന്നുണ്ട്. 500 രൂപ വീതം 30 മാസത്തവണകളായി അടച്ച് ആകെ 15,000/- രൂപ വരുന്ന ഈ സൂക്ഷ്മ സമ്പാദ്യ പദ്ധതിയിൽ ചേരുന്നവർക്ക് ആദ്യ മൂന്ന തവണകൾ അടച്ച തീരുമ്പോൾ (1,500/- രൂപ) 15,000/- രൂപയിൽ താഴെ വില വരുന്ന ലാപ് ടോപ് ലഭിക്കും. ഓൺ ലൈൻ വിദ്യഭ്യാസത്തിന് വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് പരമാവധി ഈ സ്കീം പ്രയോജനപ്പെടുത്തേണ്ടതാണ്.
ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഉണ്ടാകണം.
എന്നാൽ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്(ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് ഐ.റ്റി മിഷൻ ഡയറക്ടറുടെ ശുപാർശ പ്രകാരം സർക്കാർ ഉത്തരവിലെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ് തന്നെ നൽകേണ്ടതാണ്. കെ.എസ്.എഫ്.ഇ.യുടെ പദ്ധതി പ്രകാരമുള്ള ലാപ് ടോപുകൾ ഈ വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമല്ലാത്ത തിനാൽ ഈ സ്കീമിൽ (വിദ്യാശ്രീ) ഉൾപ്പെടുത്താവുന്നതല്ല. ഇത് സംബന്ധിച്ച ഉത്തരവ്

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.4 (4.19) ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ജില്ലാതല കമ്മിറ്റി**

**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.07.2020-ലെ ഡി.ബി.3/ 753/2012/CE തസ്വഭവ കത്തും വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.07.2020-ലെ കത്തും വയനാട് ഡി.പി.സി. മെമ്പർ സെക്രട്ടറിയുട 08.07.2020-ലെ 1/18/DPC/DPO/ wayanad (2) -ാം നമ്പർ കത്തും** (SRG /578/20 CC/624/20)

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇലക്ട്രിക്കൽ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, പരിശോധന തുടങ്ങിയവയ്ക്കായി തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി കെ.എസ്.ഇ.ബിയിൽ നിന്നും പൊതു മരാമത്തിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ളവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നുവെങ്കിലും വയനാട് ജില്ലയുടെ പ്രത്യേക സാഹചര്യത്തിൽ (എഞ്ചിനീയർമാരുടെ കുറവു മൂലം) കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. മാനന്തവാടി ഗവ.എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗവുമായി ബന്ധപ്പെട്ടും ഒരു കമ്മിറ്റി രൂപീകരിച്ചു. അതും ഫലപ്രദമായില്ല.

കെ.എസ്.ഇ.ബി.യിൽ നിന്നും വിരമിച്ച 4 അംഗങ്ങളെ ഉൾപ്പെടുത്തി 03.06.2020-ൽ ഒരു കമ്മിറ്റി വയനാട് ജില്ലയിൽ രൂപീകരിച്ചുവെങ്കിലും വിജയിച്ചില്ല.

കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന സ്കൂൾ പ്രവൃത്തികളുൾപ്പെടെ അടിയന്തിര പ്രാധാന്യമുള്ള ഒട്ടനവധി പ്രവൃത്തികളിൽ ഇലക്ട്രിക്കൽ വർക്ക് ഉൾപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് ലൈസൻസുള്ള ബി.ടെക് ഇലക്ട്രിക്കൽ ബിരുദധാരികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.സമാന സാഹചര്യം കാസറഗോഡ് ജില്ലയിലും ഉണ്ട്. ഇതേ പ്രശ്നം നേരിടുന്ന മറ്റു ജില്ലകൾ ഉണ്ട് എങ്കിൽ ഇതേ രീതി അവലംബിക്കാനും തീരുമാനമുണ്ടാകണമെന്ന ചീഫ് എഞ്ചിനീയറുടെ ആവശ്യം സംബന്ധിച്ച് താഴെപ്പറയുന്ന തീരുമാനമെടുത്തിരുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, പി.ഡബ്ല്യു.ഡി. തുടങ്ങിയ വകുപ്പിൽ നിന്ന് വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ളവരുടെ സേവനം ലഭ്യമല്ലാത്ത ജില്ലകളിൽ ബി.ടെക് ഇലക്ട്രിക്കൽ ബിരുദവും ഇലക്ട്രിക്കൽ ലൈസൻസും ഉള്ളവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കാൻ അനുമതി നൽകുന്നു. എന്നാൽ ഇവരോടൊപ്പം സർക്കാർ വകുപ്പിൽ ഇലക്ട്രിക്കൽ മേഖലയിൽ നിന്ന് റിട്ടയർ ചെയ്ത ഒരാളോ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിലെ ഒരു എഞ്ചിനീയറോ ഈ കമ്മിറ്റിയിൽ ഉണ്ടാകണം. ഇതു സംബന്ധിച്ച ഉത്തരവ്

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 2.4(4.20) ബദിയടുക്ക ഗ്രാമപഞ്ചായത്ത്

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.06.2020-ലെ കത്തുകളും (9 എണ്ണം) കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ** DDP - KSD**/628/2020/**SC9 **നമ്പർ കത്തും** (**SRG** /522**/20 CC/**1332,2019, 523/20-**CC/1333/2019, 524/20 - CC1334/2019, 525/20 -CC/1335/2019, 526/20 CC1336/2019, 527/20 - CC/1337/2019, 528/20 - CC 1331/2019, 530/20 - CC/4/20, 521/20 - CC3/20,453/20 - സർക്കാർ ഫയൽ നം.410 6969/ 2019/ o/o Min.(LSGD)**)

**(A)** താഴെപ്പറയുന്ന നാല് പ്രോജക്ടുകൾക്ക് SCP/TSP വിഹിതമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2019-20 വാർഷിക പദ്ധതിയിലുള്ള ഇവയുടെ നിർമ്മാണം പൂർത്തിയാക്കി. ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ഇല്ലാതെയാണ് നിർവഹണം നടത്തിയത്. കൂടാതെ SIDCO വഴിയാണ് നിർവഹണം നടത്തിയത്. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

*(i)* ***പ്രോ.നം. 289/20*** ***അടങ്കൽ - 8,00,000/- രൂപ*** *(TSP)*

***പേര്: വിവിധ എസ്.റ്റി കോളനികളിൽ തെരുവു വിളക്ക് സ്ഥാപിക്കൽ***

*(ii)* ***പ്രോ.നം. 288/20*** ***അടങ്കൽ - 3,00,000/- രൂപ*** *(TSP)*

*പേര്:- വിവിധ എസ്.റ്റി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ*

(iii) *പ്രോ.നം. 287/20 അടങ്കൽ - 1,50,000/- രൂപ (SCP)*

*പേര് :- ചെടേക്കൽ എസ്.സി. കോളനിയിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ*

(iv) *പ്രോ.നം. 285/20 അടങ്കൽ - 1,00,000/- രൂപ (SCP)*

*പേര്:- ചെന്നഗളി എസ്.സി കോളനി ജംഗ്ഷനിൽ തെരുവു വിളക്ക്*

**തീരുമാനം** :- 1) 16.10.2015-ലെ 3140/2015/തസ്വഭവ ഉത്തരവ് പ്രകാരം ക്രൂസ്, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളെയാണ് തെരുവു വിളക്കുകൾ, അനുബന്ധ ഉപകരണ ങ്ങൾ എന്നിവയുടെ വിതരണം (Supply) സ്ഥാപിക്കൽ (Execution) പരിപാലനം (Maintanance) എന്നീ പ്രവൃത്തികൾ ഏൽപ്പിച്ചിരി ക്കുന്നത്. ഇതിൽ SIDCO ഉൾപ്പെടുന്നില്ല. അതിനാൽ SIDCOക്ക് പ്രവൃത്തി നൽകുന്നതിന് ടെണ്ടർ നടപടി പാലിക്കേ ണ്ടതായിരുന്നു എന്ന് യോഗം വിലയിരുത്തി. ഇത് പാലിക്കാത്തത് നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ഇല്ലാതെ SCP/TSP ഫണ്ടുപയോഗിച്ച് പ്രോജക്ട് നടപ്പാക്കിയത് ഗുരുതര വീഴ്ചയാണ്.

ഈ സാഹചര്യത്തിൽ വിശദമായ അന്വേഷണം നടത്തി സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് നൽകണം

**നടപടി:- 1) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ**

(B) താഴെപ്പറയുന്ന അഞ്ച് പ്രോജക്ടുകൾ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതാണ്. ഈ പ്രോജക്ടുകൾ SIDCO മുഖേന നിർവഹണം നടത്തി. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

***(i) പ്രോ.നം. 357/20 അടങ്കൽ - 3,00,000/- രൂപ (CFC)***

***പേര്:- കഞ്ചാർ സ്കൂൾ. ചിമിനിയടുക്ക എന്നീ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ***

***(ii) പ്രോ.നം. 253/20 അടങ്കൽ 12,25,000/- രൂപ***

***(CFC - 9,25,000/ - രൂപ***

***തനത് ഫണ്ട് - 3,00,000/- രൂപ)***

***പേര്:- വിവിധ സ്ഥലങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കൽ***

***(ഇതിൽ 3,98,840/- രൂപ KSEB യിൽ ഡെപ്പോസിറ്റ് ചെയ്തു. ബാക്കി തുക ഉപയോഗിച്ച് സിഡ്കോ വഴി നടപ്പാക്കി)***

***(iii) പ്രോ.നം. 286/20 അടങ്കൽ - 1,00,000/- രൂപ***

***(വികസന ഫണ്ട്)***

***പേര്:- പാഡ്ളടുക്ക ജംഗ്ഷൻ സ്ട്രീറ്റ് ലൈറ്റ്***

***(iv) പ്രോ.നം. 291/20 അടങ്കൽ - 50,000/- രൂപ (CFC)***

***പേര്:- പാഡ്ളടുക്ക ജംഗ്ഷൻ സ്ട്രീറ്റ് ലൈറ്റ്***

*(v) പ്രോ.നം. 290/20 അടങ്കൽ - 50,000/- രൂപ (CFC)*

***പേര്:- ചെന്നഗളി എസ്.സി. കോളനി തെരുവ് വിളക്ക് സ്ഥാപിക്കൽ***

**തീരുമാനം** :- 1) 16.10.2015-ലെ 3140/2015/തസ്വഭവ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ ക്രൂസ്, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളെയാണ് തെരുവുവിളക്കുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിതരണം, സ്ഥാപിക്കൽ പരിപാലനം എന്നീ പ്രവൃത്തികൾ ഏൽപ്പിച്ചിരിക്കുന്നത്. ഇതിൽ സിഡ്കോ ഉൾപ്പെടുന്നില്ല. അതിനാൽ സിഡ്കോയ്ക്ക് പ്രവൃത്തി നൽകുന്നതിന് ടെണ്ടർ നടപടി പാലിക്കേണ്ടതായിരുന്നു. ഇതു പാലിക്കാത്തത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. ഇതു പരിശോധിച്ച് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് നൽകണം

**നടപടി:-1)ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്**

**2.4 (4.23 )ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.20ലെ കത്ത് (SRG /515/20 CC/545/20)**

*പ്രോ.നം. 21/2021 അടങ്കൽ - 5,00,000/- രൂപ (വികസന ഫണ്ട്)*

***പേര് - ഋതുമതി - വനിതകൾക്ക് മെൻസ് ട്രുവൽ കപ്പ് വിതരണവും ബോധവൽക്കരണവും***

സംസ്കരിക്കാൻ ബുദ്ധിമുട്ടുള്ള സാനിട്ടറി നാപ്കിനുകൾക്കു പകരം കഴുകി ഉപയോഗിക്കാൻ കഴിയുന്ന മെൻസ്ട്രുവൽ കപ്പ് ബ്ലോക്കിനു കീഴിലുള്ള ഗ്രാമപഞ്ചായത്തിലെ 3000 വനിതകൾക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഇതിന്റെ ഉപയോഗം സംബന്ധിച്ച് വനിതകൾക്ക് ബോധവൽക്കരണം നടത്താനും ഉദ്ദേശിക്കുന്നു. 30 മുതൽ 50 വരെയുള്ള 10 ബാച്ചുകളായി വിദഗ്ദ്ധരെ ഉപയോഗിച്ചാണ് ബോധവൽക്കരണം. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ഇതിന്മേൽ ഹെൽത്ത് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകണം.

**നടപടി :- 1)പഞ്ചായത്ത് ഡയറക്ടർ**

**2.4(4.47) അരൂക്കുറ്റി ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.07.2020-ലെ കത്ത് (SRG 588/20 CC / 615/20)**

*പ്രോ.നം. 191/21 അടങ്കൽ - 8,10,000/- രൂപ*

*(SCP - Flood Relief) - 7,88,000/- രൂപ*

*തനത് ഫണ്ട് - 22,000/-)*

***പേര്- പുരയിടം മണ്ണിട്ടുയർത്തൽ ( എസ്.സി. വിഭാഗം)***

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ ഭവനങ്ങളുടെ സുരക്ഷയ്ക്ക് വീടിനു ചുറ്റും മണ്ണിട്ടുയർത്തുന്നതിനു വേണ്ടിയുള്ള പ്രോജക്ട് 2019-20-ൽ ഉൾപ്പെടുത്തിയിരുന്നു. ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. കാലവർഷക്കാലത്ത് വെള്ളം കെട്ടിക്കിടന്ന് വീടുകൾക്ക് ബലക്ഷയമുണ്ടാകുന്നുവെന്നും മൂന്നു വശവും കായലാൽ ചുറ്റപ്പെട്ട പ്രദേശമാണെന്നും ചൂണ്ടിക്കാണിച്ച് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച. അസി.എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 30,000/- രൂപ ഒരു ഗുണഭോക്താവിന് നൽകാനാണ് ഉദ്ദേശിക്കുന്നത്. ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്:-**

MGNREGS മാർഗ്ഗരേഖകൾ പ്രകാരം ടി പദ്ധതി MGNREGS ന് ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ് എന്ന് കാണുന്നു. ജില്ലയിലെ പല തദ്ദേശഭരണ സ്ഥാപനങ്ങളും MGNREGS മുഖേന ഇതേ സ്വഭാവമുള്ള പ്രവൃത്തി നടത്തി വരുന്നുണ്ട്. MGNREGS വഴി ഈ പഞ്ചായത്തിൽ നിന്നും ഗുണഭോക്താക്കളുടെ അംഗീകരിച്ച ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പാക്കാൻ കഴിയുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചനീയർ അറിയിച്ചിട്ടുണ്ട്. മേൽ വിവരിച്ച പ്രകാരം (MGNREGS മുഖേന) ഈ പ്രവൃത്തി നടപ്പാക്കാവുന്നതാണന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**നടപടി :- 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**2.4(4.48) വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.07.2020-ലെ കത്തും വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 11.05.2020-ലെ 1(1) -ാം നമ്പർ ഭരണസമിതി തീരുമാനവും പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യമടങ്ങിയ റിപ്പോർട്ടും** (SRG **602**/20 CC 431/20)

***പ്രോ.നം. 202/21*** ***അടങ്കൽ 15,00,000/- രൂപ (തനത് ഫണ്ട്)***

***പേര് - മിലിട്ടറി ട്രെയിനിംഗ്***

പഞ്ചായത്തിലെ ഓരോ വാർഡിൽ നിന്നും 10 കുട്ടികളെ വീതം കണ്ടെത്തി മിലിട്ടറിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ 6 മാസത്തെ പരിശീലനം നൽകാനുള്ള പ്രോജക്ട്. 13,000/- രൂപയാണ് ഫീസ്. 50 ശതമാനം ഗുണഭോക്താവും 50 ശതമാനം പഞ്ചായത്തും വഹിക്കും. മേജർ രവിയുടെ മിലിട്ടറി റിക്രൂട്ട്മെന്റ് സ്ഥാപനത്തിലാണ് പരിശീലനം നൽകുന്നത്. ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഏജൻസി അടക്കമുള്ള കാര്യങ്ങൾ പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകണം

**നടപടി :-1) പഞ്ചായത്ത് ഡയറക്ടർ**

**2.4(4.65) പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്**

**ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.03.2020-ലെ കത്തും ലൈഫ് മിഷൻ സി.ഇ.ഒ യുടെ 21.01.2020, 03.03.2020 എന്നീ തീയതികളിലെ** LF3/CH/Life/20-**ാം നമ്പർ കത്തും ലൈഫ് മിഷൻ സി.ഇ.ഒ യുടെ 10.08.2020-ലെ** LF3/CH/Life/20-**ാം നമ്പർ കത്തുകളും അനുബന്ധ രേഖകളും** (SRG **632**/20 LSGD - DB1/135/2020 LSGD)

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിൽ കേന്ദ്രാവിഷ്കൃത ഭവന നിർമ്മാണ പദ്ധതിക്കായി ത്രിതല പഞ്ചായത്തുകളിൽ നിന്നു ലഭിച്ചതിൽ ബാക്കി വന്ന തുകയും പലിശയുമടക്കം വിവിധ ബാങ്കുകളിലായി 1,50,48,658/- രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക

ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കുലക്കല്ലൂർ വില്ലേജിലുള്ള 38 സെന്റ് സ്ഥലത്ത് (കുലക്കല്ലൂർ ഗ്രാമപഞ്ചായത്ത്) ലൈഫ് മിഷനിലെ മൂന്നാം ഘട്ട ഗുണഭോക്താക്കൾക്കായി ഭവന സമുച്ചയം നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ചും കൂടാതെ **Kerala Electrical Aliened Engineering Company Ltd ( KEL)** മുഖേന ഫ്ലാറ്റ് പണിയാനും അനുമതി നൽകണമെന്ന ആവശ്യവും സംബന്ധിച്ച്.

**തീരുമാനം** :- 1) കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകിയ ആദ്യ കുറി പ്രകാരം 5.10 കോടി രൂപ ചെലവിൽ 34 കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിക്കാനായാണ് ഉദ്ദേശിച്ചിരിക്കുന്നത്. പുതുക്കിയ കുറി പ്രകാരം 2,23,50,000/- രൂപ അടങ്കലിൽ 12 കുടുംബങ്ങൾക്കായി ഫ്ലാറ്റ് പണിയാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു ഫ്ലാറ്റിന് ശരാശരി 18.625 ലക്ഷം രൂപ ചെലവ് വരും. ഇത് വളരെ കൂടുതലാണെന്ന് യോഗം വിലയിരുത്തി. ഇത് ഒന്നു കൂടി പരിശോധിച്ച് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നൽകണം. ഇത് സംബന്ധിച്ച റിപ്പോർട്ട്.

2) ടെണ്ടർ നടപടി കൂടാതെ KEL നെ ഏൽപ്പിക്കാവുന്നതല്ല. സിവിൽ പ്രവൃത്തികൾക്കുള്ള മറ്റ് അംഗീകൃത ഏജൻസികളെ കൂടി ഉൾപ്പെടുത്തി മാനദണ്ഡ പ്രകാരമുള്ള ടെണ്ടർ നടപടി സ്വീകരിക്കുകയോ ഇ-ടെണ്ടർ വിളിക്കുകയോ ചെയ്യണം.

**നടപടി :-1) സി.ഇ.ഒ. ലൈഫ് മിഷൻ**

## 3. <u>പൊതു വിഷയങ്ങൾ</u>

**3.1** പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സ് എന്നിവയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങാൻ അനുതി നൽകിയിട്ടുണ്ട്. ഇത്തരം ലാപ് ടോപ് ന് മിഡിൽ ലവൽ സ്പെസിഫിക്കേഷൻ (Specification വ്യക്തമാക്കിയിട്ടുണ്ട്) ഉള്ളതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. (Windows അധിഷ്ഠിതമായതിന് 27,722 രൂപയും Ubund അധിഷ്ഠിതമായതിന് 22,895/- രൂപയുമാണ് വില)
വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി ലാപ് ടോപ്/കമ്പ്യൂട്ടർ വാങ്ങി നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഓൺലൈൻ പഠനത്തിനായി ഉയർന്ന സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ് ആവശ്യമില്ല. ഇതുകൂടി കണ്ടുകൊണ്ടാണ് KSFE 15,000/- രൂപയിൽ താഴെ വില വരുന്ന ലാപ് ടോപ് വാങ്ങി നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്.

ഈ സാഹചര്യത്തിൽ ഓൺലൈൻ പഠനത്തിനായി മുകളിൽ പറഞ്ഞ പ്രകാരം Middile Leval specification ഉള്ള ലാപ് ടോപ് വാങ്ങി നൽകേണ്ടതില്ലെന്നും എറ്റവും Base model ആയ laptop വാങ്ങി നൽകിയാൽ മതിയെന്നും നിർദ്ദേശിക്കാവുന്നതാണ്. ഇതു വഴി ചെലവു കുറയ്ക്കാൻ സാധിക്കും.

**3.2** ബ്ലോക്ക് പഞ്ചായത്തുകൾക്ക് ബജറ്റ് വിഹിതത്തിന്റെ 2-ാം ഗഡു നൽകിയപ്പോൾ വികസന ഫണ്ട് നൽകിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും പുതിയതായി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അനുവദിച്ചപ്പോൾ വികസന

ഫണ്ടിൽ കുറവു വന്നു. ആകെയുള്ള വികസന ഫണ്ട് ഗഡുക്കളായി തിരിച്ചപ്പോൾ ആനുപാതിക നിരക്കു പ്രകാരം ആദ്യ ഗഡുവിൽ തന്നെ കൂടുതൽ തുക റിലീസ് ചെയ്തതാണ് ഇതിനു കാരണം. പല ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഉദാ. പാമ്പാടി, അരീക്കോട് ബ്ലോക്ക് പഞ്ചായത്തുകൾ) പൂർത്തിയാക്കിയ പ്രോജക്ടുകളുടെ തുക ഇതു കാരണം നൽകാൻ കഴിയുന്നില്ല.

**3.3** പദ്ധതി നിർവഹണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താഴെതലത്തിലെ ഉദ്യോഗസ്ഥന്മാരെ കൂടി നിർവ്വഹണ ഉദ്യോഗസ്ഥരാക്കുകയും അവർക്ക് പ്രത്യേകമായി ഡി.ഡി.ഒ കോഡ് നൽകുകയും ചെയ്തു. ഇത് പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കി. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥൻ (self drawing) ശമ്പളവും മറ്റും വാങ്ങുന്ന ട്രഷറി അല്ല അദ്ദേഹം നിർവഹണ ഉദ്യോഗസ്ഥനായുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ ട്രഷറി. ഉദാ- കോയിപ്രം ബ്ലോക്കിന്റെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എഴുമറ്റൂർ ഗ്രാമപഞ്ചായ ത്തിലാണ്. മെഡിക്കൽ ഓഫീസറുടെ ട്രഷറി മല്ലപ്പള്ളി സബ് ട്രഷറിയും. എന്നാൽ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി കുമ്പനാട് സബ് ട്രഷറിയുമാണ്. (ഏറ്റുമാനൂർ സി.എച്ച്.സിലെ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തുന്ന പ്രോജക്ടുകൾ ബ്ലോക്കിലെ തന്നെ മറ്റൊരു സി.എച്ച്.സി. ആയ അയിരൂരിലെ മെഡിക്കൽ ഓഫീസർ മുഖേനയാണ് നിർവഹണം നടത്തുന്നത്. അയിരൂർ സി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർക്ക് കുമ്പനാട് സബ് ട്രഷറിയിൽ ഡി.ഡി.ഒ കോഡ് ഉണ്ട്) ഇങ്ങനെയുള്ള നിർവഹണ ഉദ്യോഗസ്ഥന് രണ്ട് ട്രഷറിയിൽ നിന്നും ഇടപാടു നടത്തുന്നതിന് ക്രമീകരണം ചെയ്യുന്നത് പദ്ധതി നിർവഹണത്തിന് സഹായകരമാകും. ഈ വിഷയം ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാവുന്നതാണ്.

**3.4 എറണാകുളം ജില്ലാ പ്ലാനിംഗ് കമ്മിറ്റി**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.09.2020-ലെ 69351/20/** CC/DPO/EKM **നമ്പർ കത്ത്** (SRG /754/**20** )

ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾക്ക് ജില്ലാ ആസൂത്രണസമിതി യോഗങ്ങളിൽ പങ്കെടുക്കുന്നതിന് 600/- രൂപ യാത്രാ ബത്തയും 400/- രൂപ സിറ്റിംഗ് ഫീയുമായി നിശ്ചയിച്ച് (ആകെ 1000/-രൂപ) സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ ജില്ലാ ആസൂത്രണസമിതി ചെയർ പേഴ്സൺ കൂടിയായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് ജില്ലാ ആസൂത്രണസമിതി യോഗങ്ങളിലോ ജില്ലാ ആസൂത്രണസമിതിയുമായി ബന്ധപ്പെട്ട മറ്റു യോഗങ്ങളിലോ പങ്കെടുക്കുന്നതിന് യാത്രാ ബത്തയോ അലവൻസോ നൽകുന്നില്ല. ജില്ലാ ആസൂത്രണസമിതി ചെയർ പേഴ്സൺ മറ്റ് പല കമ്മിറ്റികളുടേയും അദ്ധ്യക്ഷൻ കൂടിയാണ്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020 , 27.05.2020 എന്നീ തീയതികളിലെ യോഗത്തിൽ ഇത് ചർച്ച ചെയ്തിരുന്നുവെങ്കിലും ഇത് പിന്നീട് പരിഗണിക്കാൻ മാറ്റി വച്ചു.

ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺമാർക്കു കൂടി ജില്ലാ ആസൂത്രണ സമിതി മെമ്പർമാർക്കുള്ളതുപോലെ അലവൻസ് നല്കുകയോ അല്ലായെങ്കിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് അനുവദിക്കാൻ നിർദ്ദേശം നൽകുകയോ ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4. പ്രത്യേക വിഷയങ്ങൾ

====================

4.1 ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.08.20-ലെ കത്തും ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2020 -ലെ കത്തും 18.03.2020-ലെ 4/35(4) -ാം നമ്പർ ഭരണ സമിതി തീരുമാനവും - (SRG 635/20 CC/634/20, SRG 636 /20 CC/635/20, SRG 637 /20 CC 636/20, SRG -638 /20 CC /637/20, SRG 639 /20 CC 638/20 , SRG 640 /20 CC /639/20 (6 കത്തുകൾ)

*(i) പ്രോ.നം. 258/20 അടങ്കൽ 5,00,000/- രൂപ (തനത് ഫണ്ട്)*

*പേര്- പനങ്കാവ് കുളം പുനരുദ്ധാരണം - മൂന്നാംഘട്ടം*

*(ii) പ്രോ.നം. 259/20 അടങ്കൽ 3,00,000/- രൂപ (തനത് ഫണ്ട്)*

*പേര്- അമ്പൂട്ടിക്കുന്ന് ഡ്രെയ്നേജ് വർക്ക്*

*(iii) പ്രോ.നം. 636/20 അടങ്കൽ 3,75,000/- രൂപ (തനത് ഫണ്ട്)*

*പേര്- പട്ടുവത്തെരു റോഡ് ഓവ് ചാൽ മൂന്നാംഘട്ടം*

*(iv) പ്രോ.നം. 271/20 അടങ്കൽ 2,50,000/- രൂപ (തനത് ഫണ്ട്)*

*പേര്- അച്ചുവേട്ടന്റെ വീട്ടു മുതൽ ജൻഡക്സ് കൃഷ്ണന്റെ വീട് വരെ റോഡ് ടാറിംഗ് (ബാക്കി ഭാഗം*

*(v) പ്രോ.നം. 286/20 അടങ്കൽ 2,00,000/- രൂപ (തനത് ഫണ്ട്)*

*പേര്- ഓവ് ചാൽ മണ്ണ് നീക്കം ചെയ്യൽ 1 മുതൽ 7 വരെ വാർഡുകൾ*

*(vi) പ്രോ.നം. 287/20 അടങ്കൽ 2,00,000/- രൂപ (തനത് ഫണ്ട്)*

*പേര്- ഓവ് ചാൽ മണ്ണ് നീക്കം ചെയ്യൽ 8 മുതൽ 14 വരെ വാർഡുകൾ*

*(vii) പ്രോ.നം. 288/20 അടങ്കൽ 3,00,000/- രൂപ (തനത് ഫണ്ട്)*

*പേര്- ഓവ് ചാൽ മണ്ണ് നീക്കം ചെയ്യൽ 15 മുതൽ 23 വരെ വാർഡുകൾ*

മുകളിൽ പറഞ്ഞ പ്രോജക്ടുകൾ 2019-20 വാർഷിക പദ്ധിയിൽ ഉൾപ്പെടുത്തിയിരുന്നു. ഈ പ്രോജക്ടുകൾ ടെണ്ടർ നടപടി കൂടാതെ നടപ്പാക്കി. ഈ പ്രവൃത്തികളുടെ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.2 പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.08.20 ലെ കത്ത്(SRG -634/20-CC/682/20)**

***പ്രോ.നം. 19/20*** ***അടങ്കൽ 4,00,000/- രൂപ***
***(വികസന ഫണ്ട്)***

***പേര് - ആരവം ഇൻഡോർ സ്റ്റേഡിയം ഫ്ലോറിംഗ്***

ഇൻഡോർ സ്റ്റേഡിയത്തിന്റെ എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിച്ചു. ഈ സ്റ്റേഡിയത്തിൽ വോളിബോൾ, ഷട്ടിൽ തുടങ്ങിയ മത്സരങ്ങൾക്കുള്ള പ്രതലം (കോർട്ട്) സജ്ജീകരിക്കുന്നതിനുള്ള പ്രവൃത്തി Artisans Development Co-operative Ltd നെ (ARTCO) മുഖേന നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.3 ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.08.2020-ലെ കത്തും ഇരിക്കൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.07-20-ലെ 78(20) -ാം നമ്പർ തീരുമാനവും (SRG - 642/20 CC /645/20) )**

***പ്രോ.നം. 101/21*** ***(അടങ്കൽ 2,00,000/- രൂപ)***
***(വികസന ഫണ്ട് - 1,00,000/- രൂപ***
***തനത് ഫണ്ട് - 1,00,000/- രൂപ)***

***പേര് - ശുചിത്വം സമ്പൂർണ്ണ പ്ലാസ്റ്റിക് നിർമ്മാർജ്ജനം - സ്കൂൾ കുട്ടികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ , തുണി ബാഗ്***

സ്കൂൾ കുട്ടികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിലും തുണി ബാഗും വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.4 ഒറ്റപ്പാലം മുനിസിപ്പാലിറ്റി

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.20 ലെ കത്തും ഒറ്റപ്പാലം നഗരസഭാ സെക്രട്ടറിയുടെ 19.08.2020-ലെ G2-10078/20-ാം നമ്പർ കത്തും (SRG 657/20 CC /722/20)**

***പ്രോ.നം. 362/21*** ***അടങ്കൽ - 500,000/- രൂപ***
*(CFC Tied Fund)*

***പേര് - കമ്പാരം കുന്ന് റോഡ് CC TV സ്ഥാപിക്കൽ***

കമ്പാരംകുന്ന് റോഡിൽ **CC TV**സ്ഥാപിക്കുന്നതിന് ധനകാര്യ കമ്മീഷൻ Tied ഗ്രാന്റ് ഉപയോഗിച്ചുകൊണ്ടുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. ഇതിന് പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.5 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2020-ലെ കത്തും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.08.2020-ലെ P6-2835/20-ാം നമ്പർ കത്തും ജില്ലാ പഞ്ചായത്തിന്റെ 21.08.2020-ലെ 1-61/20-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 674/20- CC/748/20).**

***പ്രോജക്ട് നം. 445/21*** ***അടങ്കൽ 25,00,000/ രൂപ***
***(എസ്.സി.പി)***

***പേര് – പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം***

പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കുന്ദമംഗലം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കെട്ടിട നിർമ്മാണത്തിനുള്ള പ്രോജക്ട് തയ്യാറാക്കാനാണ് ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്തിരുന്നതെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ മാർഗ്ഗരേഖ പ്രകാരം ഒരു സൊസൈറ്റിക്ക് പരമാവധി 5.00 ലക്ഷം രൂപയെ നൽകാവൂ എന്ന കാരണത്താൽ "പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം നൽകൽ"എന്ന പ്രോജക്ടാണ് സുലേഖ സോഫ്റ്റ് വെയറിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ പട്ടികജാതി വികസന ഓഫീസർ തയ്യാറാക്കിയത്. പ്രോജക്ട് അടങ്കലായ 25.00 ലക്ഷം രൂപയും കുന്ദമംഗലം ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റിക്ക് കെട്ടിടം പണിയുന്നതിന് മാത്രമായി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.6 ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.08.2020 ലെ കത്തും ചെമ്പിലോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.07.20-ലെ 3654/20-ാം നമ്പർ കത്തും (SRG** 643/**20- CC/ 648**/20).

***പ്രോജക്ട് നം. 4/21*** 

***അടങ്കൽ 20,00,000/- രൂപ***
***(വികസന ഫണ്ട് - 8,00,000/- രൂപ***
***ബ്ലോക്ക് വിഹിതം - 6,00,000/- രൂപ***
***ജില്ലാ പഞ്ചായത്ത് - 6,00,000/- രൂപ)***

***പേര് – അഗതി രഹിത കേരളം - ഭവന നിർമ്മാണം***

പഞ്ചായത്തിൽ അഗതി രഹിത കേരളം (ആശ്രയ) ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട ഭവന രഹിതരായ 5 പേരും ഭൂരഹിത ഭവന രഹിതരായ ഒരാളും ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇവർക്ക് വീട് നിർമ്മിച്ചു നൽകാൻ ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇവർക്ക് വീട് നിർമ്മിച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.7 കുളനട ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.08.20 ലെ കത്ത് (SRG** 644/**20 – CC/**699/**20)**

കുളനട ഗ്രാമപഞ്ചായത്തിലെ ശ്രീമതി.സംഗീത, ആലവട്ട കുറ്റിയിൽ, മാന്തുക എന്നയാൾ ലൈഫ് മിഷൻ രണ്ടാം ഘട്ട ലിസ്റ്റിൽ (ഭൂമിയുള്ള ഭവന രഹിതർ) ഉൾപ്പെട്ടിരുന്നു. എന്നാൽ അന്വേഷണത്തിലും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലും ഇവർക്ക് ഭൂമിയോ വീടോ ഇല്ലെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഈ ഗുണഭോക്താവിനെ ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിലേയ്ക്ക് (ഭൂരഹിത ഭവന രഹിതൻ) ട്രാൻസ്ഫർ ചെയ്യണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

4.8 **പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.08.20 ലെ കത്ത് (SRG 646/20 – CC/715/20)**

***പ്രോ.നം. 874/21*** ***അടങ്കൽ 15,00,000/- രൂപ***

***(CFC Basic Grant – 10,00,000/- രൂപ***

***വികസനഫണ്ട് – 5,00,000/ രൂപ***

***പേര്:- കോയിപ്രം ഗ്രാമപഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ***

കോയിപ്രം ഗ്രാമപഞ്ചായത്തിൽ ഫണ്ടിന്റെ കുറവ് മൂലം തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് സഹായം നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.9 **കോട്ടയം ജില്ലാ പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.08.20 ലെ കത്തും അനുബന്ധ കുറിപ്പും (SRG 647/20 – CC/607/20)**

***പ്രോ.നം. 908/21*** ***അടങ്കൽ 2,25,40,000/- രൂപ***

***(വികസനഫണ്ട് – 29,00,000/ രൂപ***

***ഗുണഭോക്തൃ വിഹതം -1,96,40,680/- രൂപ)***

***പേര്:- സുഭിക്ഷ കേരളം – കോഴിമുട്ട, ഇറച്ചി സ്വയം പര്യാപ്തതയ്ക്കുള്ള സംയോജിത പ്രോജക്ട് ''ഗ്രാമ സമൃദ്ധി''***

***ഗ്രാമസമൃദ്ധി എന്ന പ്രോജക്ടിൽ താഴെപ്പറയുന്നവയാണ് പ്രവർത്തനം***

| ***പേര്*** | ***വികസന ഫണ്ട്*** | ***ഗുണഭോക്തൃ വിഹിതം*** | ***ആകെ*** |
|---|---|---|---|
| **(i)** എഗ്ഗർ നഴ്സറി യൂണിറ്റ് സ്ഥാപിക്കൽ (25 യൂണിറ്റ്) | *12,50,000* | *44,80,000* | *57,30,000* |
| **(ii)** മുട്ടക്കോഴി യൂണിറ്റ് (60 യൂണിറ്റ്) | *6,00,000* | *77,94,000* | *83,94,000* |
| **(iii)** പൂവൻകോഴി യൂണിറ്റ് (105 യൂണിറ്റ്) | *10,50,000* | *73,66,680* | *84,16,680* |
| **ആകെ** | ***29,00,000*** | ***1,96,40,680*** | ***2,25,40,680*** |

വെറ്റിംഗ് ഓഫീസർ ഇതിന് അനുമതി നിരസിച്ചു. പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.10 **ഇടുക്കി ജില്ലാ പഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.08.20 ലെ കത്തും ഇടുക്കി ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 22.01.20-ലെ 1(4)-ാം നമ്പർ തീരുമാനവും (SRG 649/20 – CC/714/20)**

താഴെപ്പറയുന്ന രണ്ട് റോഡുകൾ നബാർഡ് **XVII**-ൽ ഉൾപ്പെടുത്തി പൂർത്തിയാക്കി.

*(i)* ***വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് പുളിക്കത്തൊട്ടി – ഒരു കുരു – ഏണിത്താഴം റോഡ്***

***- അടങ്കൽ 1.5 കോടി രൂപ***

*(ii)* ***കടയത്തൂർ ഗ്രാമപഞ്ചായത്ത് മോർക്കാട് അട്ടൂർമല - പന്തപ്ലാവ് റോഡ് - അടങ്കൽ - 3.00 കോടി രൂപ***

നബാർഡ് നിർദ്ദേശ പ്രകാരം 30.06.2018 നായിരുന്നു ഇവ പൂർത്തിയാക്കി ബിൽ നൽകേണ്ടത്. എന്നാൽ ഈ കാലപരിധിക്കു ശേഷമാണ് ബിൽ നൽകിയത് അതിനാൽ നബാർഡ് തുക അനുവദിച്ചില്ല. ജില്ലാ പഞ്ചായത്തിൽ നിന്നു തുക കണ്ടെത്താൻ സർക്കാർ നിർദ്ദേശിച്ചു. മുകളിൽ പറഞ്ഞ പ്രവൃത്തികൾക്ക് ഇനി നൽകാനുള്ള തുക യഥാക്രമം 46,04,120 രൂപയും, 79,35,342/- രൂപയുമാണ്(ആകെ 1,25,39,462/- രൂപ) ഈ തുക ജില്ലാ പഞ്ചായത്തിന്റെ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.11 പനത്തടി ഗ്രാമപഞ്ചായത്ത്**

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.20 ലെ കത്തും പനത്തടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.06.20-ലെ** SC1/6593/2019-**ാം നമ്പർ കത്തും**

**(SRG 651/20 – CC/630/20)**

***പ്രോ.നം. 37/20*** ***അടങ്കൽ 2,60,720/- രൂപ (റ്റി.എസ്.പി)***

***പേര് :- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ***

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ ഈ പ്രോജക്ട് പ്രകാരം 80 മേശയും കസേരയും വാങ്ങി. നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കാണ് ഫർണിച്ചർ വാങ്ങാൻ ഉദ്ദേശിച്ചിരുന്നത്. പനത്തടി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പ്രാന്തൻകാവ് **GUPS** ൽ തൊട്ടടുത്ത കള്ളാർ, ബളാൽ എന്നീ ഗ്രാമപഞ്ചായത്തിലെ ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഹെഡ്മാസ്റ്റർ നൽകിയ ലിസ്റ്റ പ്രകാരമാണ് ഫർണിച്ചർ നൽകിയത്. അബദ്ധവശാൽ സമീപ പഞ്ചായത്തായ കള്ളാർ, ബളാൽ എന്നീ ഗ്രാമപഞ്ചായത്തിൽ താമസക്കാരായ 5 വിദ്യാർത്ഥികൾക്കും ഫർണിച്ചർ നൽകി. ഇതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.12 കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.20 ലെ കത്തും കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.06.2020-ലെ** B3 – 211/19-**ാം നമ്പർ കത്തും**

**(SRG 653/20 – CC/585/20)**

***പ്രോ.നം. 301/21*** ***അടങ്കൽ 40,22,915 രൂപ (വികസന ഫണ്ട്)***

***പേര് :- ഭൂമിയുള്ള ഭവന രഹിതരായ എച്ച്.ഐ.വി ബാധിതർക്കുള്ള ഭവന പദ്ധതി***

2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി (പ്രോ.നം. 690/20) ഭൂമിയുള്ള ഭവന രഹിതരായ എച്ച്.ഐ.വി ബാധിതർക്ക് വീട് വച്ച് നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. ( ബഹു വർഷ പ്രോജക്ടായി) ആകെ 36 ഗുണഭോക്താക്കൾ. 4 ലക്ഷം രൂപ യൂണിറ്റ് ചെലവും. ആകെ ചെലവ് 1.44 കോടി രൂപയായിരുന്നുവെങ്കിലും കഴിഞ്ഞ വർഷം വകയിരുത്തിയിരുന്നത് 1,03,77,085/- രൂപ. ഈ തുക **PWD** കെട്ടിട വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്തു. ശേഷിക്കുന്ന 40,22,915/- രൂപയ്ക്കുള്ള പ്രോജക്ട്. ഈ വർഷം തയ്യാറാക്കിയിരിക്കുന്നു. വീടിന്റെ യൂണിറ്റ് ചെലവ് 6 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.13 കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.20 ലെ കത്തും കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.06.2020-ലെ** B3 – **1881/**19-**ാം നമ്പർ കത്തും (SRG** 654**/20 – CC/**584**/20)**

***പ്രോ.നം. 358/21*** ***അടങ്കൽ 24,00,000/- രൂപ***

***(വികസന ഫണ്ട്)***

***പേര് :- സർക്കാർ അംഗീകൃത വയോജന സ്ഥാപനങ്ങൾക്ക് സഹായം അനുവദിക്കൽ***

സർക്കാരേതിര സന്നദ്ധ സ്ഥാപനങ്ങൾ നടത്തുന്ന വയോജന സ്ഥാപനങ്ങൾക്ക് കട്ടിൽ, മേശ, പാത്രങ്ങൾ, ICU ബെഡ്, വാട്ടർ ബെഡ് തുടങ്ങിയ സാധനങ്ങൾക്കും കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി തുടങ്ങിയ മരാമത്ത് പ്രവർത്തികൾക്കും ധനസഹായം നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇത് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.14 ബദിയടുക്ക ഗ്രാമ പഞ്ചായത്ത്**

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.20 ലെ കത്തും ബദിയടുക്ക ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.01..2020-ലെ** SC1 – 235/20-**ാം നമ്പർ കത്തും** – **(SRG** 655**/20 – CC/**310**/20)**

കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ എൻഡോ സൾഫാൻ ഗുണഭോക്താക്കൾക്കുള്ള 'തണൽ' ഭവന പദ്ധതിയുടെ ഗുണഭോക്താവായ സുജല **D/0** കൃഷ്ണ ഭണ്ഡാരി, ബദിയടുക്ക എന്ന ആൾക്ക് ഭവനം അനുവദിക്കാൻ തെരഞ്ഞെടുത്തിരുന്നു. യൂണിറ്റ് നിരക്കായ 2,50,000/- രൂപയിൽ 1,25,000/- രൂപ ഇതുവരെ കൈപ്പറ്റി. തറയുടെ നിർമ്മാണം മാത്രമേ ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളൂ. ഇനിയുള്ള തുക കൊണ്ട് ഭവനം പൂർത്തിയാക്കാൻ കഴിയില്ല. ഈ ഗുണഭോക്താവ് ലൈഫ് മിഷന്റെ ഭൂമിയുള്ള ഭവന രഹിതരുടെ ലിസ്റ്റിൽ ഉണ്ട് (LF1272592/14/1187/09). കൈപ്പറ്റിയ 1,25,000/- രൂപ പലിശ ഒഴിവാക്കി തിരികെ അടച്ചുകൊണ്ട് ലൈഫ് മിഷൻ പ്രകാരം ഭവന പദ്ധതിയിൽ ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.15 കുളത്തൂർ ഗ്രാമ പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.08.2020-ലെ കത്ത് (SRG** 667**/20 – CC/**450**/20)**

***പ്രോ.നം. 228/21*** ***അടങ്കൽ 25,00,000/- രൂപ***

***(തനത് ഫണ്ട്)***

***പേര്:- ആംബുലൻസ് വാങ്ങൽ***

പഞ്ചായത്തിന് ആംബുലൻസ് വാങ്ങാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിൽ രണ്ട് പി.എച്ച്.സി.കൾ ഉണ്ട് (കുളത്തൂർ പി.എച്ച്.സി., പൊഴിയൂർ പി.എച്ച്.സി) ഈ പഞ്ചായത്തിൽ ആംബുലൻസ് വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.16 കോട്ടയം ജില്ലാ പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.09.2020-ലെ കത്തും ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ 06.03.2020-ലെ 79//LF -KTM/20-ാം നമ്പർ കത്തും (SRG 676/20 – CC/755/20)**

***പ്രോ.നം. 1384/21***

***അടങ്കൽ 17,80,000/- രൂപ***
***(SCP - 16,20,000/- രൂപ***
***CFC(Basic Grant - 1,60,000/- രൂപ)***

***പേര്:- എട്ടുമുറി കോളനി സമഗ്ര വികസനം***

കുറിച്ചി പഞ്ചായത്തിൽ 5-ാം വാർഡിൽ എട്ടുമുറി കോളനിയിൽ 7 കുടുംബങ്ങൾ താമസിക്കുന്ന കെട്ടിടം ശോചനീയാവസ്ഥയിലാണ്. ഈ കെട്ടിടം പൊളിച്ച് വീട്ടു പണിതു നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഈ കുടുംബം ലൈഫ് പദ്ധതിയിൽ ഉൾപ്പെടാത്തവരാണെന്നും എട്ടു മുറികളുണ്ടായിരുന്ന ഈ കെട്ടിടം കാലപ്പഴക്കത്താൽ പുനരുദ്ധാരണം ചെയ്യേണ്ടതാണെന്നും അതിനാൽ പ്രത്യേക പാക്കേജായി നിർമ്മാണം നടത്തേണ്ടതാണെന്നും ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

**4.17 പാട്യം ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.08.2020-ലെ കത്തും പാട്യം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.07.2020-ലെ A3 - 2640/20-ാം നമ്പർ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 14.07.2020-ലെ 12/116/20-ാം നമ്പർ തീരുമാനവും (SRG 661/20 – CC/679/20)**

***പ്രോ.നം. 31/21***

***അടങ്കൽ 12,00,000/- രൂപ***
***(വികസന ഫണ്ട് - 6,00,000/- രൂപ***
***ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3,00,000/- രൂപ***
***ജില്ലാ പഞ്ചായത്ത് വിഹിതം - 3,00,000/- രൂപ)***

***പേര്:- ഭവന നിർമ്മാണം (ആശ്രയ)***

അഗതി രഹിത കേരളം പദ്ധതിയിലെ (ആശ്രയ) ഗുണഭോക്തൃ ലിസ്റ്റിൽ ഭവന രഹിതരായ ശിവകുമാർ കടുങ്ങൻ, ഉപ്പാട്ടി പാലൊളി, മഹിത എന്നിവർ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനുള്ള ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.18 പുനലൂർ മുനിസിപ്പാലിറ്റി**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.2020-ലെ കത്തും പുനലൂർ മുനിസിപ്പൽ സെക്രട്ടറിയുടെ 15.07.2020-ലെ E1 - 1053/20-ാം നമ്പർ കത്തും AE യുടെ റിപ്പോർട്ടും (SRG 656/20 – CC/719/20)**

***പ്രോ.നം. 207/20***

***അടങ്കൽ 9,02,310/- രൂപ***
***(CFC - 7,77,310/- രൂപ***
***തനത് ഫണ്ട് - 1,25,000/- രൂപ)***

***പേര്:-കവൈറ്റ് കോളനി റോഡ് കോൺക്രീറ്റിംഗും സംരക്ഷണ ഭിത്തി നിർമ്മാണവും***

2019-20-ലെ ഈ പ്രോജക്ട് ടെണ്ടർ സേവിംഗ്സ് എടുക്കുന്നതിന് ഭേദഗതിക്കയച്ചപ്പോൾ "പ്രകൃതി ക്ഷോഭം മൂലം അടിയന്തിരമായി" ചെയ്തു എന്നാണ് രേഖപ്പെടുത്തിയത്. ഇതിനാൽ പ്രോജക്ട് ജില്ലാ ആസൂത്രണസമിതി നിരസിച്ചു.

അതിനാൽ പദ്ധതി ഭാഗികമായി പൂർത്തിയാക്കിയെങ്കിലും പാർട്ട് ബിൽ തയ്യാറാക്കാൻ കഴിഞ്ഞില്ല. മുകളിൽ പറഞ്ഞ പിഴവ് അബദ്ധവശാൽ സംഭവിച്ചതാണ്. ഇതു പരിഹരിക്കാൻ ക്രമീകരണം ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ടെണ്ടർ തുക 8,05,634/- രൂപയാണ്.

**4.19 കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്**

**കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.07.2020-ലെ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 15.07.2020-ലെ 2(5)ാം നമ്പർ തീരുമാനവും. (SRG 609/20 )**

കൊവിഡ് 19- വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചിരുന്നു. ഇതിനായി ആകെ 12,92,387/-രൂപ ചെലവഴിച്ചു. സംഭാവനയായി ലഭിച്ചത് 7,93,609/- രൂപയാണ്. ബാക്കിയുള്ള തുക 4,98,778/- രൂപ ബാധ്യതയായി നിലനിൽക്കുന്നു. ഈ തുക തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.20 ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.08.2020-ലെ കത്തും (രണ്ടെണ്ണം) ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2020-ലെ 2(4) -ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG 668/20 – CC/738/20, SRG 669/20 – CC/739/20)**

***പ്രോ.നം. 114/20*** ***അടങ്കൽ 12,59,692/- രൂപ***
***(സംസ്ഥാന വിഹിതം - 8,70,000/- രൂപ***
***CFC 3,89,692/- രൂപ)***

***പേര്:-വട്ടപ്പറമ്പ് അംഗനവാടിക്ക് കെട്ടിട നിർമ്മാണം - വാർഡ് -8***

***(ii) പ്രോ.നം. 194/20*** ***അടങ്കൽ 13,21,086/- രൂപ***
***(സംസ്ഥാന വിഹിതം - 8,70,000/- രൂപ***
***CFC -4,51,086/- രൂപ)***

***പേര്:-പൂഴനാട് അംഗനവാടിക്ക് കെട്ടിട നിർമ്മാണം***

മുകളിൽ പറഞ്ഞ രണ്ട് പ്രോജക്ടുകളും വനിതാ ശിശു വികസന വകുപ്പിന്റെ സഹായം കൂടി ഉൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. ഓരോ അങ്കണവാടിക്കും 8,70,000/- രൂപ വീതം (ആകെ 17,40,000/-രൂപ ) വനിതാ ശിശു വികസന വകുപ്പ് ഗ്രാമപഞ്ചായത്തിനു കൈമാറും എന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും പി.ഡബ്ല്യു.ഡിയ്ക്കാണ് വകുപ്പ് തുക കൈമാറിയത്. നിർമ്മാണം പൂർത്തിയായെങ്കിലും വകുപ്പിന്റെ വിഹിതം നൽകാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ പി.ഡബ്ല്യു.ഡി.യുടെ കൈവശമുള്ള വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.21 പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.09.2020-ലെ കത്തും പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രസിന്റിന്റെ 03.09.2020 -ലെ കത്തും (SRG 691/20 – CC/777/20)**

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ പല അക്കൗണ്ടുകളിലായി വിവിധ ഭവന പദ്ധതിക്കായി ലഭിച്ച 1.50 കോടി രൂപ ബാധ്യതയില്ലാതെ സൂക്ഷിച്ചിട്ടുണ്ട്. PMAYഭവന പദ്ധതിക്കായി ഈ വർഷം ആവശ്യമായി വരുന്നത് 44,30,000/- രൂപയാണ്. ബാക്കിയുള്ള 1,05,70,000/- രൂപ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ

ലൈഫ് മിഷൻ ഭവന സമുച്ചയത്തിന്റെ നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.22 പുത്തൻചിറ ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.09.2020-ലെ കത്തും പുത്തൻചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.07.20, 11.08.20 എന്നീ തീയതികളിലെ** A4-210/2020-ാം **നമ്പർ കത്തുകളും അനുബന്ധ രേഖകളും (SRG 707/20 – CC/661/20)**

***പ്രോ.നം. 180/21*** ***അടങ്കൽ 5,50,000/- രൂപ***

*(SCP)*

***പേര്:-ഡിഗ്രി, ഡിപ്ലോമ, പി.ജി. തലത്തിൽ പഠിക്കുന്നവർക്ക് ലാപ് ടോപ് വാങ്ങൽ***

ഡിഗ്രി, ഡിപ്ലോമ, പി.ജി. തലത്തിൽ പഠിക്കുന്ന **SC** വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങുന്നതിനുള്ള പ്രോജക്ട് 2020-21-ൽ സ്പിൽ ഓവറായി തുടരുന്നുണ്ട്. ആകെയുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്ന 8 പേർ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് വിദ്യാർത്ഥികളായിരുന്നുവെങ്കിലും ഇപ്പോൾ കോഴ്സ് പൂർത്തിയാക്കി. ഇവർക്ക് കൂടി ലാപ് ടോപ് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.23 സേനാപതി ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.09.2020-ലെ കത്തും സേനാപതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.08.2020-ലെ** B1-2379/2019-ാം **നമ്പർ കത്തും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.04.2020-ലെ 739/**A/2020/SM **നമ്പർ കത്തും. (SRG 696/20 – CC/780/20)**

***പ്രോ.നം. 151/21*** ***അടങ്കൽ 16,80,030/- രൂപ***

***(ശുചിത്വ മിഷൻ വിഹിതം- സംസ്ഥാനാവിഷ്കൃതം)***

***പേര്:-പൊതു ശൗചാലയ നിർമ്മാണം***

2018-19-ൽ പഞ്ചായത്തിൽ 16 യൂണിറ്റ് പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ശുചിത്വ മിഷൻ വിഹിതമായി 28,80,000/- രൂപയും പഞ്ചായത്ത് വിഹിതമായി 3,20,000/- രൂപയും ഉൾപ്പെടെ ആകെ അടങ്കൽ 32,00,000/- രൂപ. 2018-19-ൽ ഈ പദ്ധതിയിൽ കുറെ നിർമ്മാണം നടത്തി. ശുചിത്വ മിഷനിൽ നിന്ന് 2018-19-ൽ 12.00 ലക്ഷം രൂപ ലഭിച്ചു. 2019-20-ൽ ഇത് സ്പിൽ ഓവറായി എടുത്തിരുന്നു. ശുചിത്വ മിഷൻ വിഹിതമായ 12.00 ലക്ഷം രൂപയും പഞ്ചായത്ത് വിഹിതവും ചേർത്ത് ആകെ 15,19,970/- രൂപ ഇതിനകം ചെലവഴിച്ചു. ഇപ്പോൾ 90 ശതമാനം പ്രവൃത്തിയും പൂർത്തിയായി. ശുചിത്വ മിഷനിൽ നിന്ന് ഇനി ലഭിക്കാനുള്ള തുക 16,80,030/- രൂപയാണ്. എന്നാൽ ശൗചാലയ നിർമ്മാണത്തിന് ഇടുക്കി ജില്ലാ ശുചിത്വ മിഷനിൽ നിന്ന് ഭരണാനുമതി വാങ്ങിയിരുന്നില്ല എന്ന കാരണത്താൽ ഫണ്ട് അനുവദിക്കാൻ സാധിക്കുകയില്ലെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ തുക അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

### 4.24 കോട്ടയം മുനിസിപ്പാലിറ്റി

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.09.2020-ലെ കത്ത് (SRG 679/20 – CC/737/20)**

*പ്രോ.നം. 354/20* *അടങ്കൽ 5,00,000/- രൂപ (വികസന ഫണ്ട്)*

***പേര്:-ദുരന്ത നിവാരണത്തിനായി റബർ ബോട്ട് വാങ്ങൽ***

പ്രളയ സമയത്ത് ഉപയോഗിക്കുന്നതിന് റബർ ബോട്ട് വാങ്ങാനുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി പ്രാഥമികാനുമതി നൽകിയില്ല. പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.25 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.09.2019-ലെ കത്ത് (SRG 56/20 – LSGD - FM1/254/**2019- **LSGD)**

തൃശ്ശൂർ ജില്ലാ പഞ്ചായത്തിനു കീഴിൽ വിജ്ഞാൻസാഗർ ശാസ്ത്ര സാങ്കേതിക പാർക്ക് പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ ഇവിടെ **ISRO** പവലിയൻ, സ്പേസ് എക്സ്പ്ലോറിയം, സയൻസ് ലാബ്, ഇലക്ട്രോണിക്സ് ലാബ്-കം-സ്മാർട്ട് ക്ലാസ് റൂം , ശാസ്ത്ര പ്രദർശനം എന്നിവ ഉണ്ട്. ഭാവിയിൽ **3D** മൾട്ടിപ്ലക്സ് തിയേറ്റർ, സഞ്ചരിക്കുന്ന ശാസ്ത്ര പ്രദർശനം, മഹാത്മാ ഗാന്ധി അംബേദ്ക്കർ മ്യൂസിയം , പ്ലാനിറ്റോറിയം എന്നിവയും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇവിടെ 2019 ജനുവരി മുതൽ താൽക്കാലികാടിസ്ഥാനത്തിൽ 6 പേരെ നിയമിച്ചിട്ടുണ്ട്. വിജ്ഞാൻ സാഗറിന്റെ പ്രവർത്തനത്തിലൂടെ ഒരു വർഷം 10.00 ലക്ഷം രൂപ വരുമാനം പ്രതീക്ഷിക്കുന്നു. പ്രതീക്ഷിക്കുന്ന ചെലവ് 30.50 ലക്ഷം രൂപയാണ്. ഇപ്പോഴത്തെ സ്ഥിതിയിൽ ഈ വരുമാനത്തിലൂടെ സ്ഥാപനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ല. ഈ സാഹചര്യത്തിൽ വരാൻ പോകുന്ന (2019-20 മുതൽ) രണ്ടു വർഷക്കാലത്തേയ്ക്ക് ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്ന് തുക ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.26 അകലകുന്നം ഗ്രാമപപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.09.2020-ലെ കത്തും അകലകുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.08.2020-ലെ** A2-15/20-ാം **നമ്പർ കത്തും 21.07.20-ലെ** 6(1) -ാം **നമ്പർ ഭരണസമിതി തീരുമാനവും** (SRG 680/20 **CC/706/20)**

വീട്ടു പുനരുദ്ധാരണത്തിന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ശ്രീമതി. അമ്മിണി തോട്ടുങ്കൽ, ശ്രീമതി. സരോജിനി തോട്ടുങ്കൽ എന്നിവരെ 2020-21-ൽ ഊരുകൂട്ടം തെരഞ്ഞെടുത്തിട്ടുണ്ട്. ഇവർക്ക് 2016-17-ൽ വീട്ടു പുനരുദ്ധാരണത്തിന് 25,000/- രൂപ വീതം നൽകിയിരുന്നു. ഇവർക്ക് ഈ വർഷം 1.00 ലക്ഷം രൂപ വീതം വീട്ടു പുനരുദ്ധാരണത്തിന് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.27 കൊടുവായൂർ ഗ്രാമപപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.09.2020-ലെ കത്തും കൊടുവായൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.12.2019-ലെ 17(1)ാം നമ്പർ തീരുമാനവും** (SRG 682/20 **CC/763/20)**

കൊട്ടവായൂർ പഞ്ചായത്തിൽ കേരളപുരം വിശ്വനാഥ ക്ഷേത്രത്തിൽ വർഷംതോറും രഥോത്സവും നടക്കുന്നുണ്ട്. കഴിഞ്ഞ വർഷത്തെ രഥോത്സവം 2020 ജനുവരി 10,11 തീയതികളിലായി നടന്നു. ധാരാളം ആളുകൾ പങ്കെടുക്കുന്ന ഈ ഉത്സവത്തിൽ രഥം സഞ്ചരിക്കുന്ന തകർന്ന റോഡുകൾ നന്നാക്കുകയും ആരോഗ്യ ശുചിത്വ പരിപാടികൾ നടപ്പാക്കി നൽകുകയും വേണമെന്ന് രഥോത്സവ കമ്മിറ്റി ആവശ്യപ്പെടാറുണ്ട്. ഇതിനായി 2017-18-ൽ സർക്കാർ അനുമതിയോടെ 1,50,000/- രൂപയും 2018-19-ൽ 1,00,000/- രൂപയും ചെലവഴിച്ചിരുന്നു. ഈ വർഷം ഈ പ്രവർത്തനങ്ങൾ രഥോത്സവ കമ്മിറ്റി ചെയ്തു. ഇതിന്റെ ചെലവിനായി 1,00,000/- രൂപയിൽ അധികരിക്കാതെ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.28 കോട്ടയം മുനിസിപ്പാലിറ്റി

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.09.2020-ലെ കത്ത് (SRG 681/20 – CC/728/20)**

***പ്രോ.നം. 662/21*** ***അടങ്കൽ 2,19,86,440/- രൂപ***

***(ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied Fund)***

***പേര്:-നഗരത്തിലെയും വിവിധ തോടുകളിലേയും മാലിന്യ നിക്ഷേപം തടയുന്നതിന് ക്യാമറ സ്ഥാപിക്കൽ***

പൊതു സ്ഥലങ്ങളിലും മാലിന്യം തള്ളുന്നത് കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിന് നിർമ്മിത ബുദ്ധിയോട് കൂടിയ പ്രത്യേക ക്യാമറ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.29 അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.09.2020-ലെ കത്തും അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 27.08.2020-ലെ കത്ത് (SRG 683/20 – CC/765/20)**

***(i)പ്രോ.നം. 103/21*** ***അടങ്കൽ 24,00,000/- രൂപ***

***(വികസന ഫണ്ട്)***

***പേര്:-പശു വളർത്തൽ കോട്ടത്തറ ഡിവിഷൻ ( വനിത)***

***(ii)പ്രോ.നം. 112/21*** ***അടങ്കൽ 24,00,000/- രൂപ***

***(വികസന ഫണ്ട്)***

***പേര്:-പശു വളർത്തൽ - പാലൂർ ഡിവിഷൻ ( വനിത)***

വനിതകൾക്ക് പശുക്കളെ നൽകുന്നതിനുള്ള മുകളിൽ പറഞ്ഞ രണ്ട് പ്രോജക്ടുകൾ പൊതു വിഭാഗം വികസന ഫണ്ട് ഉപയോഗിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാവരും പട്ടികവർഗ്ഗ വനിതകളാണ്. ഇവർക്ക് പശുക്കളെ നൽകുമ്പോൾ മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അർഹതയുള്ള 100 ശതമാനം സബ്സിഡി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.30 പൊന്മുണ്ടം ഗ്രാമ പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.09.2020-ലെ കത്തും പൊന്മുണ്ടം ഗ്രാമ പഞ്ചായത്ത് അസി.സെക്രട്ടറിയുടെ 26.05.2020-ലെ 4141/19-ാം നമ്പർ കത്തും**

(SRG 686/20 – CC/711/20)

*പ്രോ.നം. 151/21*

*അടങ്കൽ 2,00,000/- രൂപ*
*(തനത് ഫണ്ട് - 1,20,000/- രൂപ*
*സംഭാവന - 50,000/- രൂപ*
*ബ്ലോക്ക് വിഹിതം -20,000/- രൂപ*
*ജില്ലാ പഞ്ചായത്ത് വിഹിതം - 10,000/- രൂപ)*

*പേര്:-ജനകീയ ഹോട്ടൽ*

ജനകീയ ഹോട്ടൽ സ്വകാര്യ വ്യക്തിയുടെ വാടക കെട്ടിടത്തിലാണ് പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. വാടക 7000/- രൂപ പ്രതിമാസം. ഈ കെട്ടിടത്തിൽ മുറികൾ വേർതിരിക്കൽ, അടുക്കള സജ്ജീകരിക്കൽ തുടങ്ങിയ നിർമ്മാണം ആവശ്യമാണ്. ഈ പ്രവൃത്തികൾ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.31 മങ്കട ഗ്രാമ പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.09.2020-ലെ കത്തും മങ്കട ബ്ലോക്ക് പഞ്ചായത്ത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 23.06.2020-ലെ** A1-21/MKD **/2018-ാം നമ്പർ കത്തും അനുബന്ധ രേഖകളും** (SRG 688/20 – CC/728/19)

മങ്കട ഗ്രാമപഞ്ചായത്തിന് പുതിയ ഓഫീസ് മന്ദിരം പണിത് ഉത്ഘാടനം ചെയ്ത് കഴിഞ്ഞു. ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ മുറ്റം ഇന്റർ ലോക്ക് ചെയ്യുന്നതിനുള്ള ചെലവ് ഉൾപ്പെടുത്തിയിരുന്നില്ല. ഉത്ഘാടന സമയത്ത് എസ്റ്റിമേറ്റോ മറ്റ് ടെണ്ടർ നടപടികളോ കൂടാതെ മുറ്റം ഇന്റർ ലോക്ക് കട്ട ഉപയോഗിച്ച് വൃത്തിയാക്കി. ഇതിന്റെ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇതിന്റെ വാല്യുവേഷൻ **DSR** നിരക്ക് അനുസരിച്ച് 1,56,608/- രൂപയാണെന്ന് മങ്കട ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**4.32 ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.09.2020-ലെ കത്തും ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 05.05.20-ലെ 43-1000/2020-ാം നമ്പർ കുറിപ്പും -**

(SRG 690/20 – CC/757/20)

*പ്രോ.നം. 205 /21*

*അടങ്കൽ 20,00,000/- രൂപ*
*(വികസന ഫണ്ട് -16,00,000/- രൂപ*
*തനത് ഫണ്ട് - 4,00,000/- രൂപ)*

*പേര്:-ചെറുവണ്ണൂർ ഗവ, ഹൈസ്കൂളിന് സ്ഥലമെടുപ്പ്*

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ ഈ വിദ്യാലയം 2012-13 വരെ UPS ആയിരുന്നു. 2012-13-ൽ ഇത് ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു. ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്ന നടപടികൾ സ്വീകരിക്കുന്ന സമയത്ത് കൂടുതൽ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം വാങ്ങി നൽകുന്നതിന് സർവ്വകക്ഷി കൂട്ടായ്മയിൽ ധാരണയുണ്ടാക്കിയിരുന്നു. ജില്ലാ പഞ്ചായത്തും 10.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റേയും (10.00 ലക്ഷം രൂപ) ഗ്രാമപഞ്ചായത്തിന്റെയും വിഹിതം (20.00 ലക്ഷം രൂപ) സ്കൂൾ. പി.റ്റി.എ.യ്ക്ക് കൈമാറി പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.33 ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2020-ലെ കത്ത് (SRG 717/20 – CC/671/20)**

***പ്രോ.നം. 144 /21*** ***അടങ്കൽ 23,10,600/- രൂപ***

*(CFC -Tied Fund)*

***പേര്:-ആരോഗ്യ വകുപ്പ് കണ്ടെത്തുന്ന ഹോട്ട് സ്പോട്ടുകളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ***

മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പ നിർദ്ദേശിക്കുന്ന ഹോട്ട് സ്പോട്ടുകളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.34 ആലപ്പുഴ ജില്ലാ പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2020-ലെ കത്തും അനുബന്ധ രേഖകളും (SRG 716/20 – CC/698/20)**

2020-21 വർഷം പൊതു വിഭാഗം വികസനഫണ്ടിൽ നിന്ന് 14,52,500/- രൂപ വകയിരുത്തി മനോമിത്രം എന്ന പ്രോജക്ട് നടപ്പാക്കാനുദ്ദേശിക്കുന്നു. കൊവിഡ് 19 മഹാമാരി കാലഘട്ടത്തിലും അതിനുശേഷവും മഴക്കാലവറുതിയിലും ജനങ്ങളിൽ ഉണ്ടാകാൻ പോകുന്ന മാനസിക പ്രശ്നങ്ങൾ നേരിടുന്നതിനാണ് ഈ പ്രോജക്ട് . ചെലവ് താഴെപറയും പ്രകാരമാണ്.

| | |
|---|---|
| *(i)* ഒരു വർഷത്തേയ്ക്ക് 8 കൗൺസിലർമാരെ 15,000 രൂപ ഓണറേറിയം നൽകി നിയമിക്കുക (15,000 x8 x 12) | 41,40,000/- രൂപ |
| *(ii)* പരിശീലന പരിപാടി 500 രൂപ ചെലവിൽ 5 എണ്ണം | 2,500/- രൂപ |
| *(iii)* നോട്ടീസ് മറ്റു ചെലവുകൾ | 10,000/ - രൂപ |

ഈ പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.35 കീഴരിയൂർ ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2020-ലെ കത്തും കീഴരിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.09.2020-ലെ** A2-5638/19-**നമ്പർ കത്തും (SRG 718/20 – CC/**853**/20)**

2019-20-ൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ള ആതിര ഒ.കെ, ഒറോക്കുന്നുമ്മേൽ എന്ന വിദ്യാർത്ഥി പഠനം പൂർത്തിയാക്കി. ഈ വിദ്യാർത്ഥിക്കു കൂടി ലാപ്ടോപ് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.36 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2020-ലെ കത്തും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 26.08.2020-ലെ** C/2418/20-**ാം നമ്പർ കത്തും (SRG 746/20 – CC/**758**/20)**

***പ്രോ.നം. 138/21*** ***അടങ്കൽ 10,00,000/-- രൂപ***
***(വികസന ഫണ്ട്)***

***പേര്:-വാരാമ്പറ്റ ഹൈസ്കൂളിന് സ്ഥലം വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ***

വാരാമ്പറ്റ ഹൈസ്കൂളിന് സ്ഥലം വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറാനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.37 വയനാട് ജില്ലാ പഞ്ചായത്ത്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2020-ലെ കത്തും വയനാട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 24.06.20-ലെ 13(1)-ാം നമ്പർ തീരുമാനവും (SRG 747/20 – CC/**703**/20)**

***പ്രോ.നം. 234/21*** ***അടങ്കൽ 25,00,000/-- രൂപ***
***(വികസന ഫണ്ട് 10,00,000/- രൂപ***
***ഗ്രാമപഞ്ചായത്ത് വിഹിതം 5,00,000 /- രൂപ***
***ബ്ലോക്ക് പഞ്ചായത്ത് വിഹിതം 10,00,000/- രൂപ)***

***പേര്:-വാരാമ്പറ്റ സ്കൂളിന് സ്ഥലം വാങ്ങൽ***

വാരാമ്പറ്റ സ്കൂളിന് സ്ഥലം വാങ്ങുന്നതിന് ജില്ലാ പഞ്ചായത്ത്, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്, വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് എന്നിവ ചേർന്ന് തുക വകയിരുത്തിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.38 പഞ്ചായത്ത് ഡയറക്ടറേറ്റ്**

**പഞ്ചായത്ത് ഡയറക്ടറുടെ 16.09.2020-ലെ** J1 -20905/18-**ാം നമ്പർ കത്ത് (SRG** 749**/20)**

വിദ്യാർത്ഥികൾക്കാവശ്യമായ ലാപ് ടോപ് **CPRCS** പോർട്ടൽ മുഖേന വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ **CPRCS** മുഖേന ലാപ് ടോപ് ലഭിക്കാൻ കാലതാമസമുണ്ടാകുന്നു എന്ന വിഷയം 12.08.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തു. തുടർന്ന് **CPRCS** പോർട്ടലിൽ നിന്ന് ലാപ് ടോപ് ലഭ്യമാക്കുന്നതിന് ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ

തദ്ദേശഭരണ സ്ഥാപനങ്ങൾ ടെണ്ടർ/ഇ-ടെണ്ടർ മുഖേന വാങ്ങാൻ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു.

എന്നാൽ ഇപ്പോഴും **KELTRON**-ൽ നിന്ന് ലാപ് ടോപ് ലഭിക്കാൻ കാലതാമസമുണ്ടാകുന്നുവെന്നും ഇതിനകം 599 ഗ്രാമപഞ്ചായത്തുകൾ ആകെ 18.16 കോടി രൂപ മുൻകൂറായി അടച്ചിട്ട് കാത്തു നിൽക്കുകയാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഐ.റ്റി മിഷൻ മുഖേന നൽകിയ തുക തിരികെ ഗ്രാമപഞ്ചായത്തുകൾക്ക് നൽകണമെന്നും ടെണ്ടർ/ ഇ-ടെണ്ടർ വഴിയോ **GEM** പോർട്ടൽ മുഖേനയോ റേറ്റ് ക്വാട്ട് ചെയ്യുന്നവരിൽ നിന്നും ഐ.ടി. മിഷൻ ഡയറക്ടർ ശുപാർശ ചെയ്ത സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ് വാങ്ങുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**4.39 ബുധനൂർ ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.09.20-ലെ കത്തും 21.08.2020-ലെ 1(7)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 731/20 CC/825/20)**

***പ്രോ.നം. 138/21*** ***അടങ്കൽ 1,50,000/-- രൂപ***

***(വികസന ഫണ്ട് -Flood Relef Fund)***

***പേര്:-ലോട്ടറി തൊഴിലാളികൾക്ക് സൈക്കിൾ വാങ്ങൽ***

ജീവനോപാധി നഷ്ടപ്പെട്ടവർക്ക് ജീവനോപാധികൾ നൽകുന്നതിന്റെ ഭാഗമായി ലോട്ടറി തൊഴിലാളികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയിരുന്നു. ഇതിന്റെ ഗുണഭോക്താക്കളിൽ ഭൂരിപക്ഷം ആൾക്കാരും ലോട്ടറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമില്ലാത്തവരാണ്. ഇവർക്കു കൂടി സൈക്കിൾ വാങ്ങി നൽകാൻ അനുമതി നൽകണമെന്ന് വീണ്ടും ആവശ്യപ്പെട്ടിരിക്കുന്നു.

**4.40 സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി**

C-DIT **ഡയറക്ടറുടെ 26.06.20-ലെ 208/VCD/C-DIT/2020-ാം നമ്പർ കത്തും** CC**യുടെ 28.01.2020 തീയതിയിലെ യോഗ തീരുമാനവും (SRG-744/2020-LSGD-FM2/149/20/LSGD)**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാലാവധി 2020-ൽ അവസാനിക്കുന്ന പശ്ചാത്തലത്തിൽ നിലവിലെ ഭരണ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ ബഹുതല വികസന പരിപാടികൾ ഉൾച്ചേർത്ത് ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും 20 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ ഡോക്യുമെന്ററി ചെയ്യാൻ സി-ഡിറ്റ് പ്രൊപ്പോസൽ നൽകിയിരുന്നു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020-ലെ യോഗത്തിൽ പരിഗണിക്കുകയും ഇതിനായി പരമാവധി 1.00 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ അനുമതി നൽകുകയും ചെയ്തു. (ഈ നിരക്ക് പിന്നീട് പരിഷ്കരിച്ചു)ഇതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ മാനദണ്ഡ പ്രകാരമുള്ള നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ധാരാളം വീഡിയോ ഡോക്യുമെന്ററികൾ നിർമ്മിച്ച അനുഭവ പരിചയമുള്ള സ്ഥാപനമെന്ന നിലയിൽ ഇത് സംബന്ധിച്ച് ഉത്തരവിൽ സി-ഡിറ്റിന്റെ പേര് പ്രത്യേകമായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.41 ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്**

**ഗ്രാമവികസന കമ്മീഷണറുടെ 12.12.2019-ലെ** DP4/14905/CRD **നമ്പർ കത്ത് (SRG-742/2020-LSGD-DP4/14905/19/CRD)**

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽ പ്രവൃത്തിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിൽ ഹരിത കർമ്മ സേനാംഗങ്ങളായ 5 വനിതകളെ നിയമിച്ചിട്ടുണ്ട്. പ്രതിമാസ വേതനം 8000/- രൂപ. യൂസർ ഫീയിൽ നിന്ന് വേതനത്തിനുള്ള തുക കണ്ടെത്തുന്നു. ഈ യൂണിറ്റിന്റെ പ്രവർത്തന മേൽനോട്ടത്തിനുവേണ്ടി ബ്ലോക്ക് പഞ്ചായത്തും ബ്ലോക്കിനു കീഴിലുള്ള 6 ഗ്രാമപഞ്ചായത്തുകളും ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിച്ച് കരാറിൽ ഒപ്പിട്ടുണ്ട്. ഈ കൺസോർഷ്യം രജിസ്റ്റർ ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൺസോർഷ്യം രജിസ്റ്റർ ചെയ്യാനുള്ള അനുമതി നൽകാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

**4.42 ചെങ്ങന്നൂർ നഗരസഭ**

**ചെങ്ങന്നൂർ മുനിസിപ്പൽ സെക്രട്ടറിയുടെ** 01.06.2020-**ലെ** A1-1221/20-ാം **നമ്പർ കത്ത് (SRG-745/2020-LSGD-IA4/92/2020/LSGD)**

ചെങ്ങന്നൂർ നഗരസഭ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് **KURDFC**യിൽ നിന്നും 2002-ൽ വായ്പ എടുത്തിരുന്നു. ഇതിന്റെ കുടിശ്ശിക ഒറ്റത്തവണയായി 25.00 ലക്ഷം രൂപ അടച്ചുകൊണ്ട് തീർക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിന് മറ്റ് നിയമ തടസ്സങ്ങൾ ഇല്ല എന്ന് **KURDFC** മാനേജിംഗ് ഡയറക്ടർ ഉറപ്പ വരുത്തേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് 19.04.2020-ലെ 763/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരിക്കുന്നത്. തനത് ഫണ്ട് കുറവായതിനാൽ ഈ തുക 2020-21-ലെ വികസന ഫണ്ട് ഉപയോഗിച്ച് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.43 പറവൂർ ബ്ലോക്ക് പഞ്ചായത്ത്**

**പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.05.2020-ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കുറിപ്പും (SRG-739/2020 - LSGD-DD2** - 180/20 **/LSGD)**

താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***(i) പ്രോ.നം. 57/21*** ***അടങ്കൽ 14,00,000/- രൂപ (SCP)***

***പേര്:-മഹാത്മാ കമ്മ്യൂണിറ്റി ഹാൾ - കോട്ടുവള്ളി***

കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ തത്തപ്പള്ളിയിൽ പുലയ മഹാസഭ വക 5 സെന്റ് സ്ഥലമുണ്ട്. ഇതിനു സമീപ പ്രദേശങ്ങളിലായി 100 ഓളം പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. ഇവിടെ കമ്മ്യൂണിറ്റി ഹാൾ പണിയാൻ ഉദ്ദേശിക്കുന്നു. സ്ഥലം പഞ്ചായത്തിനു വിട്ടു നൽകാൻ സഭാംഗങ്ങൾ തയ്യാറല്ല. പഞ്ചായത്തിന്റെ ആസ്തി അല്ലാത്തതിനാൽ ഇതിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയില്ല. പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***(ii) പ്രോ.നം. 48/21*** ***അടങ്കൽ 14,00,000/- രൂപ (SCP)***

***പേര്:-കൈതാരം പുലയ മഹാസഭ കമ്മ്യൂണിറ്റി ഹാൾ***

കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിൽ കോട്ടുവള്ളി കൈതാരം പുലയ ഐക്യ സമാജം വക 6 സെന്റ് സ്ഥലമുണ്ട്. സമീപ പ്രദേശത്ത് 125 ഓളം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നു. ഇവിടെ കമ്മ്യൂണിറ്റി ഹാൾ പണിയാൻ ഉദ്ദേശിക്കുന്നു. സ്ഥലം വിട്ടു നൽകാൻ സമാജം തയ്യാറല്ല. പഞ്ചായത്തിന്റെ ആസ്തി അല്ലാത്തതിനാൽ ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു.

***(iii) പ്രോ.നം. 43/21*** ***അടങ്കൽ 3,00,000/- രൂപ***

***(വികസന ഫണ്ട്)***

***പേര്:-വിശപ്പ് രഹിതം കേരളം പദ്ധതി - ബ്ലോക്ക് പഞ്ചായത്ത് - ജനകീയ ഹോട്ടൽ***

ബ്ലോക്ക് പഞ്ചായത്ത് വക കെട്ടിടത്തിൽ ജനകീയ ഹോട്ടൽ ആരംഭിച്ചിട്ടുണ്ട്. ഇതിന് ധനസഹായമായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 3.00 ലക്ഷം രൂപ നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.44 പായിപ്ര ഗ്രാമപഞ്ചായത്ത്

**പായിപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.03.2020-ലെ** P1-600/20-**ാം നമ്പർ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 04.02.2020-ലെ 41(7) -ാം നമ്പർ തീരുമാനവും** (SRG-740/**2020 - LSGD-DA2** 117/20 /**LSGD)**

***പ്രോ.നം. 547/20*** ***അടങ്കൽ 16,90,000/- രൂപ***

***(ഈ വർഷത്തെ നം. 387/21)*** ***(തനത് ഫണ്ട്)***

***പേര്:-ഇല്ലത്തു കടിപ്പടിയിൽ വൈദ്യുത ട്രാൻസ്ഫോർമർ സ്ഥാപിക്കൽ***

പായിപ്ര ഗ്രാമപഞ്ചായത്തിൽ മൂന്നാം വാർഡിലെ ഇല്ലത്തുപടി പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ തുകയായ 16.90 ലക്ഷം രൂപ **KSEB** യ്ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.45 തഴവ ഗ്രാമപഞ്ചായത്ത്

**പഞ്ചായത്ത് ഡയറക്ടറുടെ 02.11.2018-ലെ കത്തും പഞ്ചായത്ത് ഡയറക്ടറുടെ തന്നെ 05.02.20-ലെ** J1 - 13007/2009-**ാം കത്തും, തഴവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.12.2017, 13.08.2019 എന്നീ തീയതികളിലെ** T4-7539/17-**ാം നമ്പർ കത്തും** (SRG-741/**2020 - LSGD-DA2 /563/2018 -LSGD)**

തഴവ ഗ്രാമപഞ്ചായത്തിൽ 2010-11, 2011-12 വർഷങ്ങളിലായി വിവിധ പ്രിന്റിംഗ് ജോലികൾ ചെയ്ത വകയിൽ 1,08,924/- രൂപ (വിവിധ ജില്ലകളിലായി) തഴവ വീണാ ഓഫ് സെറ്റ് ഉടമയായ പുഷ്പരാജന് നൽകാനുണ്ട്. ഈ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.46 മലപ്പുറം ജില്ലാ പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.06.20 ലെ കത്ത്**(SRG /546/20 - CC/303/20)

***പ്രോജക്ട് നം.*** *2309/20* ***അടങ്കൽ 30,00,000/- രൂപ***

***(ഈ വർഷത്തെ നം. 657 / 21)*** ***(വികസനഫണ്ട് )***

***പേര് – വൈരങ്കോട് ഭഗവതി ക്ഷേത്രത്തിന് ഊട്ടുപുര നിർമ്മാണം***

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വൈരങ്കോട് ഭഗവതി ക്ഷേത്രത്തിൽ ഭക്തജനങ്ങൾക്കായി ഊട്ടുപുര നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് കഴിഞ്ഞ വർഷം ഉൾപ്പെടുത്തിയിരുന്നു. ഈ വർഷം പ്രോജക്ട് സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.47 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2020-ലെ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 27.01.2020-ലെ** VII (1) **ാം നമ്പർ തീരുമാനവും** (SRG /719/**20 -CC/734/20**)

ആറന്മുള പള്ളിയോട സേവാ സംഘത്തിന്റെ പള്ളിവിളക്കുകളുടെ സംരക്ഷണത്തിന് ഗ്രാന്റ് അനുവദിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 14 പള്ളി വിളക്കുകളാണ് ഉള്ളത്. 2018-ലെ മഹാപ്രളയത്തിൽ ഈ പള്ളി വിളക്കുകൾക്ക് നാശം സംഭവിച്ചിട്ടുണ്ട്. ഒരു പള്ളി വിളക്കിന് 10,000/- രൂപ ക്രമത്തിൽ ആകെ 1,40,000/- രൂപ ഈ സാമ്പത്തിക വർഷത്തേയ്ക്ക് മാത്രം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി വികസന ഫണ്ടോ ജനറൽ പർപ്പസ് ഗ്രാന്റോ ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.48 തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2020-ലെ കത്തും തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.08.2020-ലെ 7(6)-ാം നമ്പർ തീരുമാനവും** (SRG /720/**20 -CC/784/20**)

***പ്രോ.നം. 115/21*** ***അടങ്കൽ 2,00,000/- രൂപ (തനത് ഫണ്ട്)***

***പേര്:-സ്വയം തൊഴിൽ വ്യക്തിഗതം***

കുടുംബശ്രീ സ്വയം തൊഴിൽ സംരംഭത്തിന്റെ ഭാഗമായി മരത്തണൽ എന്ന പേരിൽ തണ്ണീർ മുക്കം ഫിഷ് മാർക്കറ്റിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കുടുംബശ്രീ ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുക, ചായ, സ്നാക്സ് എന്നിവ നൽകുക തുടങ്ങിയവയാണ് ലക്ഷ്യം. ഇതിനായി സ്റ്റാൾ സ്ഥാപിക്കുന്നതിന് 50 ശതമാനം സബ്സിഡിയോടെ കുടുംബശ്രീ അംഗങ്ങൾക്ക് ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.49 സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം**

**സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫിന്റെ 18.09.20-ലെ 643/** DPD/SPB/2020-**ാം നമ്പർ കുറിപ്പ്** (**SRG** /752/**20** )

കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.05.2018 -ലെ തീരുമാന പ്രകാരം (ഖണ്ഡിക 3.8) ജില്ലാ പ്ലാനിംഗ് ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളിലെ ചുമതല നൽകേണ്ടതില്ലെന്നും ഒഴിച്ചുകൂടാൻ പറ്റാത്ത സ്ഥലങ്ങളിൽ ജില്ലാപഞ്ചായത്തിന്റെ അധിക ചുമതല മാത്രം നൽകാവുന്നതാണെന്നും തീരുമാനിച്ചിരുന്നു. എന്നാൽ ഇപ്പോഴും ജില്ലാ പ്ലാനിംഗ് ഓഫീസിലുള്ള ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതല കൂടി നൽകിയിട്ടുണ്ട്. ഇത് ജില്ലാ പ്ലാനിംഗ് ഓഫീസിലെ പ്രവർത്തനങ്ങളെ

ബാധിക്കുന്നുണ്ട്. അതിനാൽ ജില്ലാ പ്ലാനിംഗ് ഓഫീസിലേയ്ക്ക് മാത്രമായി ഒരു ടെക്നിക്കൽ അസിസ്റ്റന്റിനു ചുമതല നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.50 നെടുമ്പന ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2020-ലെ കത്ത്**(SRG /722/20 CC 767/20 )

***പ്രോ.നം.*** *246/21* ***അടങ്കൽ*** *30,00,000/- **രൂപ***

*(CFC Tied Grant)*

***പേര്: ജല ജീവൻ മിഷൻ***

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടെ കേരള വാട്ടർ അതോറിട്ടിയുമായി ചേർന്ന് ജലജീവൻ മിഷൻ പദ്ധതി നെടുമ്പന പഞ്ചായത്തിലും നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പഞ്ചായത്ത് വിഹിതം വകയിരുത്തിയിരിക്കുന്നത് ധനകാര്യ കമ്മീഷൻ (**Tied Fund**) ആണ്. ഇതിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകമാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.51 ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2020-ലെ കത്ത്**(SRG /723/20 CC 761/20 )

***പ്രോ.നം.*** *314/21* ***അടങ്കൽ*** *3,00,000/- **രൂപ***

***(തനത് ഫണ്ട്)***

***പേര്: ഗ്രാമപഞ്ചായത്തിന്റെ സമഗ്ര ചരിത്രം തയ്യാറാക്കൽ***

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ രൂപീകരണകാലം (1952) മുതൽ 2020 വരെയുള്ള ചരിത്രം തയ്യാറാക്കുന്നതിനുള്ള ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.